

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ



1. വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം

സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്



© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.



**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# ഉള്ളടക്കം


1 ഭാരതീയ ചിന്ത . . . . . . . . . . . . . . . . . . . . . . . . . 1

1 വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം

2 രാമാനുജന്റെ മുൻഗാമികൾ . . . . . 3

3 ബ്രഹ്മം നിർഗുണമോ സഗുണമോ? . . 4

4 ഈശ്വരൻ, ചിത്ത്, അചിത്ത് . . . . . 5

5 എല്ലാം യാഥാർത്ഥ്യമാണ് . . . . . . 6

6 ഈശ്വരന്റെ ശരീരം . . . . . . . . . 7

7 മോക്ഷത്തിലേക്കുള്ള വഴി . . . . . . 8

8 ശങ്കരനും രാമാനുജനും . . . . . . . . 9

9 വൈരുദ്ധ്യത്തിന്റെ പരിഹാരം . . . . 10

10 അദ്വൈതത്തെപ്പറ്റിയുള്ള വിമർശനം . 11

11 പ്രപഞ്ചയാഥാർത്ഥ്യം . . . . . . . . 12

12 ജ്ഞാനത്തിന്റെ ഉപാധി . . . . . . . 13

13 സ്വതന്ത്രയാഥാർത്ഥ്യവും പരതന്ത്രയാഥാർത്ഥ്യവും . . . . . . . 14

14 മോക്ഷത്തിന്റെ മാർഗ്ഗം . . . . . . . 15

15 ദ്വൈതാദ്വൈതം . . . . . . . . . . . 16

16 ശുദ്ധാദ്വൈതവാദം . . . . . . . . . . 17

17 ദർശനത്തിൽ നിന്നു മതത്തിലേക്ക് . 18

# 1

## ഭാരതീയ ചിന്ത
## (5-ാം വാല്യത്തിൽ നിന്ന് തുടർച്ച)

## 1 വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം

ജീവാത്മാക്കൾ തമ്മിൽ തമ്മിലും ജീവാത്മാവും പരമാത്മാവും തമ്മിലുമുള്ള ബന്ധങ്ങളും വർണ്ണവ്യവസ്ഥ, ജാതിവ്യത്യാസങ്ങൾ, ഉച്ചനീചത്വങ്ങൾ തുടങ്ങിയ സാമൂഹ്യാസമത്വങ്ങളും ദൈവത്തിലും പൂജാദികർമ്മങ്ങളിലും യാഗങ്ങളിലും മറ്റുമുള്ള വിശ്വാസങ്ങളും ലൗകികജീവിതത്തിലെ കാമക്രോധലോഭ മോഹാദിനിസ്സാരതകളും എല്ലാം അവിദ്യയുടെ, അല്ലെങ്കിൽ മിഥ്യാജ്ഞാനത്തിന്റെ, ഫലങ്ങളായ വ്യാവഹാരിക സത്യങ്ങൾ മാത്രമാണെന്നും അവിദ്യയിൽ നിന്നു മോചനം നേടാൻ കഴിയുന്നവരെ സംബന്ധിച്ചിടത്തോളം ഏകവും അദ്വിതീയവുമായ ബ്രഹ്മം എന്ന പരമാർത്ഥികസത്യമല്ലാതെ മറ്റൊന്നില്ലെന്നും പ്രഖ്യാപിച്ച ശങ്കരാചാര്യരുടെ അദ്വൈതവാദം ഭാരതീയചിന്തയുടെ ചരിത്രത്തിലെ ഒരു വഴിത്തിരിവാണ്. ശങ്കരനു ശേഷമുണ്ടായ ചിന്തകന്മാർക്കാർക്കും തന്നെ അദ്വൈതസിദ്ധാന്തങ്ങളെ തീരെ അവഗണിച്ചുകൊണ്ട് സ്വന്തവും സ്വതന്ത്രവുമായ ദാർശനികവ്യവസ്ഥകൾ ആവിഷ്കരിക്കുക സാദ്ധ്യമല്ലെന്ന സ്ഥിതിയാണ് വന്നുചേർന്നത്. അതേവരെ ഭക്തികൊണ്ടും പൂജാദികർമ്മങ്ങൾ കൊണ്ടും കീർത്തനങ്ങൾ കൊണ്ടും ജനങ്ങളെ ആകർഷിക്കാൻ കഴിഞ്ഞ വൈഷ്ണവന്മാർ, ശൈവന്മാർ, ശാക്തന്മാർ മുതലായവർക്കുപോലും ദാർശനികവും ബൗദ്ധികവുമായ മേഖലകളിലേക്കു ശ്രദ്ധ തിരിക്കേണ്ടിവന്നത് ശങ്കരന് ശേഷമാണ്. വേദാന്തത്തിന് സ്വന്തം ഭാഷ്യങ്ങളും വ്യാഖ്യാനങ്ങളും സംഭാവന ചെയ്ത രാമാനുജന്റെ വിശിഷ്ടാദ്വൈതത്തിലും മധ്വന്റെ ദ്വൈതത്തിലും വല്ലഭന്റെ ശുദ്ധാദ്വൈതത്തിലും നിംബാർക്കന്റെ ദ്വൈതാദ്വൈതത്തിലുമെല്ലാം ശങ്കരന്റെ സ്വാധീനം കാണാം. ശങ്കരന്റെ സിദ്ധാന്തങ്ങളെ എതിർത്തുകൊണ്ടോ അവയിൽ ചിലതു സ്വീകരിക്കുകയും മറ്റുചിലതു തള്ളിക്കളയുകയും ചെയ്തുകൊണ്ടോ ആണ് പ്രഗത്ഭമതികളായ ഈ ചിന്തകന്മാരെല്ലാം താന്താങ്ങളുടെ ദാർശനികവ്യവസ്ഥകൾ ആവിഷ്കരിച്ചത്.

## 2 രാമാനുജന്റെ മുൻഗാമികൾ

ഒമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഭാസ്കരാചാര്യനാണ് അദ്വൈതവാദത്തെ വിമർശിക്കാൻ ആദ്യമായി മുന്നിട്ടിറങ്ങിയത് എന്നുതോന്നുന്നു. നിർഗുണബ്രഹ്മമെന്ന സങ്കൽപ്പത്തെയും മായവാദത്തെയുമാണ് അദ്ദേഹം മുഖ്യമായും എതിർത്തത്. ബ്രഹ്മസൂത്രത്തിന് അദ്ദേഹവും ഒരു ഭാഷ്യമെഴുതി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ബ്രഹ്മം നിർഗുണമല്ല, സഗുണമാണ്; എന്നുവെച്ചാൽ ഈശ്വരനാണ്. മറ്റൊരുവിധം പറഞ്ഞാൽ, ബ്രഹ്മവും ഈശ്വരനും ഒന്നുതന്നെയാണ്. മായാവാദത്തിൽ മഹായാനബൗദ്ധന്മാരുടെ സ്വാധീനമാണുള്ളത്. പ്രപഞ്ചം മിഥ്യയല്ല, യാഥാർത്ഥ്യമാണ്. സഗുണബ്രഹ്മത്തിന്റെ യഥാർത്ഥമായ പരിണാമമാണത്. ജീവൻ ബ്രഹ്മത്തിന്റെ ഒരംശമാണ്. പക്ഷേ, അത് മനസ്സ്, ഭൗതിക പദാർത്ഥങ്ങൾ തുടങ്ങിയ ഉപാധികളുടെ പരിമിതികൾക്കു വിധേയമായിരിക്കുന്നു. ഈ ഉപാധികൾ അയഥാർത്ഥ്യങ്ങളോ അവിദ്യയുടെ ഫലങ്ങളോ അല്ല. ബ്രഹ്മമെന്നപോലെ തന്നെ അവയും യഥാർത്ഥങ്ങളാണ്. എല്ലാറ്റിന്റെയും കാരണമായ ബ്രഹ്മം ഏറ്റവും അരൂപവും ശുദ്ധവുമായ കേവലചൈതന്യമാണ്. അതിൽ നിന്നു പരിണമിച്ചുണ്ടായവയാണ് നാമരൂപങ്ങളോടും നാനാത്വത്തോടും കൂടിയ പ്രപഞ്ചവും ജീവാത്മാക്കളും. ഉപാധികളുടെ പരിമിതികൾക്കു വിധേയമായതുകൊണ്ടാണ് ജീവാത്മാവിന് ദുഃഖങ്ങളും കഷ്ടപ്പാടുകളും മറ്റും അനുഭവിക്കേണ്ടിവരുന്നത്. ജ്ഞാനത്തിന്റേയും കർമ്മത്തിന്റെയും സമുചിതമായ സംയോജനം (ജ്ഞാനകർമ്മസമുച്ചയം) കൊണ്ടുമാത്രമേ സംസാരദുഃഖങ്ങളിൽ നിന്നു മോചനം നേടാൻ കഴിയൂ. ഇതാണ് ഭാസ്കരന്റെ വാദങ്ങളുടെ ചുരുക്കം.

പതിനൊന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന യാദവപ്രകാശൻ എന്ന ചിന്തകൻ ഭാസ്കരന്റെ മിക്ക അഭിപ്രായങ്ങളോടും യോജിച്ചു. പക്ഷേ, ഉപാധികൾ യാഥാർത്ഥ്യങ്ങളാണ് എന്ന അഭിപ്രായത്തോട് അദ്ദേഹം യോജിച്ചില്ല. ഈശ്വരൻ, ചിത്ത് (ആത്മാവ്), അചിത്ത് എന്നീ മൂന്നു രൂപങ്ങളായിട്ടാണ് ബ്രഹ്മം പരിണമിക്കുന്നത്. ഇവ മൂന്നും ബ്രഹ്മത്തിന്റെ അവസ്ഥാവിശേങ്ങളാണ്. ഒരു കാര്യത്തിൽ ഭാസ്കരനും യാദവനും തമ്മിൽ പൂർണ്ണമായ യോജിപ്പാണുള്ളത്. ബ്രഹ്മത്തിൽ നിന്നു പരിണമിച്ചുണ്ടാകുന്ന ജീവാത്മാക്കളും പ്രാപഞ്ചിക പ്രതിഭാസങ്ങളും വ്യത്യസ്തങ്ങളായി നിലനിൽക്കുന്നുണ്ടെങ്കിലും അവ യഥാർത്ഥത്തിൽ ബ്രഹ്മത്തിന്റെ ഭാഗങ്ങളാണ്. ഒരേ സമയത്തു തന്നെ ഭേദവും അഭേദവും നിലനിൽക്കുന്നു. സ്വാഭാവികമായ സ്ഥിതിയിൽ അവയും പരമാത്മാവും അഭേദാവസ്ഥയിലാണ്. ഉപാധികളുടെ ഫലമായിട്ടാണ് ഭേദങ്ങളുണ്ടാകുന്നത്. [1] അതുകൊണ്ടാണ് അവർ തങ്ങളുടെ സിദ്ധാന്തത്തിന് ഭേദാഭേദവാദം എന്ന് പേരിട്ടത്.

ഈ കാലഘട്ടത്തിൽ തന്നെയാണ് ആൾവാർമാർ എന്ന പേരിലറിയപ്പെടുന്ന വൈഷ്ണവസിദ്ധന്മാരുടെ ഭക്തിരസപ്രധാനങ്ങളായ കീർത്തനങ്ങളെ ജ്ഞാനം, കർമ്മം മുതലായവയുമായി കൂട്ടിയോജിപ്പിച്ചുകൊണ്ട് പുതിയൊരു ദാർശനിക വ്യവസ്ഥയാക്കി മാറ്റാനുള്ള സംരംഭങ്ങളാരംഭിച്ചത്. വൈഷ്ണവദർശനത്തിന്റെ ഒന്നാമത്തെ ആചാര്യൻ എന്ന് കരുതപ്പെടുന്ന നാഥമുനിയാണ് (പത്താം നൂറ്റാണ്ടിൽ) ഇങ്ങനെ ആദ്യമായി ആൾവാർമാരുടെ കീർത്തനങ്ങളെ ക്രമീകരിച്ചത്. അദ്ദേഹമെഴുതിയ ന്യായതത്വമാണ് വിശിഷ്ടാദ്വൈതത്തെക്കുറിച്ചുള്ള ആദ്യത്തെ ഗ്രന്ഥം എന്ന് വിശ്വസിക്കപ്പെടുന്നു. എന്നാൽ, അദ്ദേഹത്തിന്റെ പൗത്രനായ യാമുനാചാര്യനാണ് (പതിനൊന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ) സിദ്ധിത്രയം എന്ന തന്റെ ഗ്രന്ഥത്തിൽ ആൾവാർമാരുടെ സിദ്ധാന്തങ്ങൾക്ക് വിശിഷ്ടാദ്വൈതത്തിന്റെ അടിസ്ഥാനത്തിൽ ദാർശനികമായ ഒരടിസ്ഥാനം നൽകിയത്. ഈശ്വരൻ, ആത്മാവ്, ഭൗതികലോകം എന്നിങ്ങനെ മൂന്നു തത്വങ്ങളെപ്പറ്റി അദ്ദേഹം പ്രതിപാദിക്കുന്നു. സർവജ്ഞനും സർവശക്തനുമായ ഈശ്വരനാണ് മൂലകാരണം. പ്രപഞ്ചം കാര്യവും.

പതിനൊന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കാഞ്ചീവരത്തിനു സമീപമുള്ള ഒരു ചെറിയ ഗ്രാമത്തിൽ ജനിച്ച രാമാനുജൻ ആദ്യം യാദവപ്രകാശന്റെയും പിന്നീട് യാമുനാചാര്യരുടെയും ശിഷ്യനായിട്ടാണ് തന്റെ ദാർശനിക ജീവിതം ആരംഭിച്ചത്. ഏറെക്കഴിയുന്നതിനുമുമ്പ് അദ്ദേഹം തന്റെ സ്വന്തമായ ഒരു ദാർശനികവ്യവസ്ഥ ആവിഷ്കരിക്കുകയും അതിനു വിശിഷ്ടാദ്വൈതം എന്നു പേരിടുകയും ചെയ്തു.

രാമാനുജൻ ശങ്കരനെപ്പോലെ അൽപ്പായുസ്സായിരുന്നില്ല. നൂറു കൊല്ലത്തിലധികം ജീവിച്ചതിനുശേഷം 1137-ൽ ആണ് അദ്ദേഹം ചരമം പ്രാപിച്ചത്. ഈ നീണ്ട കാലത്തിനിടയിൽ അദ്ദേഹം തന്റെ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ഒട്ടനവധി ഗ്രന്ഥങ്ങളെഴുതി. അവയിൽ ഏറ്റവുമധികം പ്രാധാന്യമർഹിക്കുന്നത് ശ്രീഭാഷ്യം എന്ന പേരിലറിയപ്പെടുന്ന ബ്രഹ്മസൂത്രഭാഷ്യമാണ്. ഗീതാഭാഷ്യം, വേദാന്തസാരം, വേദാന്തദീപം, ഗദ്യത്രയം, വേദാന്തസംഗ്രഹം മുതലായവയാണ് മറ്റു മുഖ്യകൃതികൾ. ശ്രീഭാഷ്യമാണ് ബ്രഹ്മസൂത്രവ്യാഖ്യാനങ്ങളിൽവെച്ച് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് എന്ന് കീത്തിനെപ്പോലെയുള്ള ചില പണ്ഡിതന്മാർ പ്രസ്താവിച്ചിട്ടുണ്ട്. എങ്കിലും നിഷ്പക്ഷമായി പരിശോധിച്ചാൽ രാമാനുജന്റെ കൃതികൾക്ക് ചിന്തയുടെ ഔന്നത്യത്തിലും യുക്തിയുടെ തീക്ഷ്ണതയിലും ശങ്കരന്റേതിനോടു കിടപിടിക്കുവാൻ കഴിയുമോയെന്ന കാര്യം സംശയമാണ്. ശങ്കരൻ മുഖ്യമായും വൈചാരികവും ബൗദ്ധികവുമായ മേഖലകളിലാണ് വിഹരിച്ചത്. രാമാനുജൻ ഭക്തിയുടെ മേഖലയിലും. കുട്ടിക്കാലത്തുതന്നെ ആൾവാർമാരുമായും അവരുടെ ശിഷ്യന്മാരുമായുമുള്ള സമ്പർക്കങ്ങളിൽ നിന്നു ലഭിച്ച പരമ്പരാഗതമായ ദൈവവിശ്വാസവും വിഷ്ണുക്ഷേത്രങ്ങളിലെ ബിംബാരാധനയുമായിരുന്നു അദ്ദേഹത്തിന്റെ കൈമുതൽ. പ്രാചീനങ്ങളും സമകാലീനങ്ങളുമായ ദർശനങ്ങളിലും ശ്രുതികൾ, സ്മൃതികൾ മുതലായവയിലും അപാരമായ പാണ്ഡിത്യം നേടിയതിനുശേഷം മൗലികമായ ഒരു ദാർശനികവ്യവസ്ഥ ആവിഷ്ക്കരിക്കാൻ ശങ്കരനു സാധിച്ചു. തന്റെ സ്വന്തം സിദ്ധാന്തങ്ങൾക്ക് പിൻബലം നേടാൻ വേണ്ടി മാത്രമാണ് അദ്ദേഹം ഉപനിഷത്തുകൾ, ഭഗവദ്ഗീത മുതലായ ഗ്രന്ഥങ്ങളെ ആശ്രയിച്ചത്. രാമാനുജനാകട്ടെ, നിലവിലുണ്ടായിരുന്ന ഈശ്വരവിശ്വാസവും ആൾവാർമാരുടെ ഭക്തിയും ഉപനിഷത്തുകളിലെ ബ്രഹ്മജ്ഞാനവും ഭഗവദ്ഗീതയിലെ ആത്മീയചിന്തകളും എല്ലാം കൂട്ടിയിണക്കിക്കൊണ്ടുള്ള ഒരു തത്വശാസ്ത്രമാണ് ആവിഷ്കരിച്ചത്. പാരമാർത്ഥിക സത്യത്തെക്കുറിച്ചും വ്യാവഹാരികസത്യത്തെക്കുറിച്ചുമുള്ള ശങ്കരന്റെ കണ്ടുപിടുത്തം ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കിയെങ്കിലും സാധാരണക്കാരായ ജനങ്ങൾക്ക് ദുർഗ്രഹമായിരുന്നു. സാധാരണക്കാരുടെ വിശ്വാസപ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് രാമാനുജൻ ഉന്നയിച്ച ആശയങ്ങൾക്കാണ് പെട്ടെന്ന് കൂടുതൽ ജനസ്വാധീനം നേടാൻ കഴിഞ്ഞത്. എങ്കിലും ശങ്കരന്റെ യുക്ത്യധിഷ്ഠിതങ്ങളായ ദാർശനികചിന്തകളെ അവഗണിച്ചുകൊണ്ട് സ്വന്തമായ ഒരു തത്വശാസ്ത്രം ആവിഷ്ക്കരിക്കാൻ രാമാനുജനു സാദ്ധ്യമായിരുന്നില്ല. അതുകൊണ്ടാണ് അദ്ദേഹം തന്റെ ഗ്രന്ഥങ്ങളിൽ ശങ്കരന്റെ അദ്വൈതവാദത്തെക്കുറിച്ചുള്ള വിമർശനങ്ങൾക്കു വലിയ സ്ഥാനം നൽകിയത്.

---

1. ജീവപരയോ ശ്ച സ്വാഭാവികോഽഭേദഃ, ഔപാധികസ്തു ഭേദഃ
   — ഭാസ്കരഭാഷ്യം IV 4. 4.

## 3 ബ്രഹ്മം നിർഗുണമോ സഗുണമോ?

ദൈവവും ദൈവവിശ്വാസവും പൂജാദികർമ്മങ്ങളും മനുഷ്യർക്കിടയിൽ കാണപ്പെടുന്ന അഹങ്കാരം, സ്വാർത്ഥം മുതലായവയും അവിദ്യയുടെ ഫലങ്ങളായ വ്യാവഹാരികയാഥാർത്ഥ്യങ്ങൾ മാത്രമാണെന്നും ഏകവും അദ്വിതീയവുമായ നിർഗുണബ്രഹ്മം മാത്രമാണ് പാരമാർത്ഥികസത്യമെന്നുമാണ് ശങ്കരൻ പ്രഖ്യാപിച്ചത്. ഞാൻ, നീ, എന്റേത്, നിന്റേത് എന്നിങ്ങനെയുള്ള ബോധങ്ങളും ജീവാത്മാവും പരമാത്മാവും തമ്മിലുണ്ടെന്നു തോന്നുന്ന വ്യത്യാസവും പ്രാപഞ്ചിക പ്രതിഭാസങ്ങളിലെ നാനാത്വവും എല്ലാം മായയുടെ, അല്ലെങ്കിൽ മിഥ്യാജ്ഞാനത്തിന്റെ, ഫലങ്ങളാണ്. യഥാർത്ഥത്തിൽ എല്ലാം ബ്രഹ്മമാണ്. ബ്രഹ്മമല്ലാതെ മറ്റൊന്നുമില്ല. ശങ്കരന്റെ ഈ അദ്വൈതസിദ്ധാന്തമാണ് രാമാനുജനെ ഏറ്റവുമധികം ചൊടിപ്പിച്ചത് എന്നു തോന്നുന്നു.

നിർഗുണബ്രഹ്മം എന്ന സങ്കൽപ്പം തന്നെ അസംബന്ധമാണെന്നാണ് രാമാനുജന്റെ വാദം. നിർഗുണമായ എന്തെങ്കിലുമൊന്നിന്റെ അസ്തിത്വത്തെ പ്രത്യക്ഷം, അനുമാനം, ഉപമാനം മുതലായ പ്രമാണങ്ങൾ കൊണ്ടൊന്നും തെളിയിക്കാൻ കഴിയില്ല. കാണാനും കേൾക്കാനും അറിയാനും ഉണ്ടെന്നു മനസ്സിലാക്കാനും കഴിയാത്ത ഒന്ന് ഉണ്ടെന്നുപറയുന്നതെങ്ങനെയാണ്? അത് കേവലമായ ചൈതന്യമാണെന്ന് പറയുന്നു. പക്ഷേ, ചൈതന്യത്തിന് എന്തെങ്കിലും ഒരു അധിഷ്ഠാനമില്ലാതെ, യാതൊന്നിനെയും ആശ്രയിക്കാതെ, സ്വതന്ത്രമായി നിലനിൽക്കാൻ കഴിയില്ല. ആത്മാവിന്റെ ചേതന, ഈശ്വരന്റെ ചൈതന്യം എന്നൊക്കെ പറയാം. ശുദ്ധചൈതന്യം എന്ന കേവലസത്തയെപ്പറ്റി ഒന്നും പറയാൻ കഴിയില്ല. ബ്രഹ്മം നിത്യവും ശാശ്വതവുമാണെന്നു പറയുന്നു. അങ്ങനെയാണെങ്കിൽ നിത്യത, ശാശ്വതത്വം എന്നീ ഗുണങ്ങൾ ബ്രഹ്മത്തിനുണ്ടെന്നു സമ്മതിക്കേണ്ടിവരും. അതുകൊണ്ട് നിർഗുണബ്രഹ്മം എന്നൊന്നില്ല. സഗുണബ്രഹ്മം മാത്രമേയുള്ളൂ. ചൈതന്യം നിറഞ്ഞ പരമാത്മാവാണത്. അതുതന്നെയാണ് ഈശ്വരൻ. തിന്മകളിൽ നിന്നും അപൂർണ്ണതകളിൽ നിന്നും എല്ലാം തികച്ചും സ്വതന്ത്രനും നിരവധി നന്മകളും ഉൽകൃഷ്ടഗുണങ്ങളുമുള്ളവനുമായ പുരുഷോത്തമൻ. [2] ജ്ഞാനം, ആനന്ദം, ശക്തി, നന്മ, സ്നേഹം, ദയ മുതലായവയാണ് സഗുണബ്രഹ്മത്തിന്റെ, അതായത് ഈശ്വരന്റെ, അടിസ്ഥാനഗുണങ്ങൾ.

---

2. വേദാന്തസൂത്രം I. i. i.

## 4 ഈശ്വരൻ, ചിത്ത്, അചിത്ത്

ബ്രഹ്മം മാത്രമേയുള്ളൂ എന്നും മറ്റെന്തെങ്കിലുമുണ്ടെന്നു തോന്നുന്നത് മായയുടെ ഫലമായിട്ടാണെന്നും മറ്റുമുള്ള ശങ്കരന്റെ വാദങ്ങളോടും രാമാനുജൻ യോജിക്കുന്നില്ല. "ഏകമേവാദ്വിതീയം" എന്നതിന് രാമാനുജൻ നൽകുന്ന അർത്ഥം ബ്രഹ്മം ഏകവും അദ്വിതീയവുമാണെന്നല്ല, ബ്രഹ്മത്തിന്റെ ഗുണങ്ങൾ അദ്വിതീയങ്ങളാണ്, മറ്റൊന്നിനുമില്ലാത്ത അത്രയധികം ഗുണങ്ങളും ശക്തികളും ബ്രഹ്മത്തിനുണ്ട്, എന്നത്രേ. ബൃഹദാരണ്യകോപനിഷത്തിലെ "യത്ര ഹി ദ്വൈതം ഇവ ഭവതി തത്ര ഇതര ഇതരം പശ്യതി" [3] എന്നും "നൈ ഹ നാനാസ്തി കിഞ്ചന" [4] എന്നും മറ്റുമുള്ള വാക്യങ്ങളെ അദ്ദേഹം വ്യാഖ്യാനിക്കുന്നത് വൈവിധ്യത്തിന്റെയും നാനാത്വത്തിന്റെയും നിഷേധമായിട്ടല്ല, ലോകത്തെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നത് വിവിധങ്ങളായ നാനാശക്തികളല്ലെന്നും ഈശ്വരൻ എന്ന ഏകശക്തിയാണെന്നും ഉള്ള അർത്ഥത്തിലാണ്! രാമാനുജന്റെ അഭിപ്രായത്തിൽ ഈശ്വരനും ജീവാത്മാക്കളും ഭൗതികപ്രപഞ്ചവും എല്ലാം വ്യത്യസ്തങ്ങളായ യാഥാർത്ഥ്യങ്ങളാണ്. അചിത്ത് (ഭൗതികപദാർത്ഥം), ചിത്ത് (ആത്മാവ്), ഈശ്വരൻ എന്നിവയിലടങ്ങിയ തത്വത്രയം മായയോ അവിദ്യയുടെ ഫലമോ അല്ല, യാഥാർത്ഥ്യമാണ്. പക്ഷേ, ചിത്തും അചിത്തും യാഥാർത്ഥ്യങ്ങളാണെങ്കിലും അവ ഈശ്വരനെ ആശ്രയിച്ചിരിക്കുന്നു. അവ ഈശ്വരന്റെ ഗുണങ്ങൾ അല്ലെങ്കിൽ വിശേഷണങ്ങളാണ്. അവ ഏകനും അദ്വിതീയനുമായ ഈശ്വരന്റെ ഭാഗങ്ങളാണ്. ചിത്ത്, അചിത്ത് എന്നിവയാൽ വിശേഷിപ്പിക്കപ്പെടുന്ന പരിപൂർണ്ണനായ വിശിഷ്ടനാണ് ഈശ്വരൻ. [5] ഈശ്വരനിൽ നിന്ന് അഭിന്നങ്ങളും ഈശ്വരനെ പൂർണ്ണമായി ആശ്രയിക്കുന്നവനുമായ ചേതനാ ചേതനങ്ങൾ (ജീവാത്മാക്കളും ഭൗതികപ്രപഞ്ചവും) ഈശ്വരന്റെ ശരീരമാണ്. [6] ഈശ്വരൻ പ്രപഞ്ചത്തിന്റെ ആത്മാവാണ്. അതുപോലെ ആത്മാവിന്റെ ആത്മാവുമാണ്. ആത്മാവും പ്രപഞ്ചവും ഈശ്വരന്റെ അംശങ്ങളാണ്; പക്ഷേ, ഈശ്വരനല്ല. അംശങ്ങളും അംശിയും ഒന്നുതന്നെയാണെന്ന് പറയാൻ വയ്യല്ലോ. അതുകൊണ്ട് അവ ഈശ്വരനിൽ നിന്ന് വ്യത്യസ്തങ്ങളാണ്; അതേ സമയത്തുതന്നെ അഭിന്നങ്ങളുമാണ്. ഉദാഹരണത്തിന്, ഭൗതികപദാർത്ഥത്തിൽ ഈശ്വരൻ അന്തര്യാമിയായി സ്ഥിതിചെയ്യുന്നു. പക്ഷേ, ഭൗതികപദാർത്ഥമല്ല ഈശ്വരൻ. അതുപോലെ ജീവാത്മാക്കളിൽ പരമാത്മാവ് കുടികൊള്ളുന്നു. പക്ഷേ, ജീവാത്മാവും പരമാത്മാവും ഒന്നല്ല. സർവജ്ഞനും സർവശക്തനും നിത്യനുമായ ഈശ്വരൻ, നിത്യവും പക്ഷേ, അശക്തവുമായ ചിത്ത് അല്ലെങ്കിൽ ജീവാത്മാവ്, നിത്യമായ അചിത്ത് അല്ലെങ്കിൽ അചേതനമായ ഭൗതികപദാർത്ഥം—ഈ തത്വത്രയത്തിന്റെ ഐക്യമാണ് ബ്രഹ്മം. ഈ അർത്ഥത്തിൽ അത് അദ്വൈതമാണ്. പക്ഷേ, അതു കേവലമായ അദ്വൈതമല്ല. അതു വ്യത്യസ്തങ്ങളായ വിശേഷണങ്ങളോടു കൂടിയ വിശിഷ്ടമാണ്. ഈ അർത്ഥത്തിലാണ് രാമാനുജൻ തന്റെ ദർശനത്തിനു വിശിഷ്ടാദ്വൈതം എന്നു പേരിട്ടത്.

---

3. ബൃ. ഉ. IV. 15. 15.
4. ടി, IV. 4. 19.
5. ചിദ്ചിദ വിശിഷ്ട ഈശ്വരഃ
   — രാമാനുജൻ: ശ്രീഭാഷ്യം.
6. സർവം ചേതനാചേതനം തസ്യ ശരീരം.
   — ശ്രീഭാഷ്യം II. 1. 9.

# 5 എല്ലാം യാഥാർത്ഥ്യമാണ്

വിശിഷ്ടാദ്വൈതമനുസരിച്ച് ഈശ്വരനും ചിത്തും അചിത്തും യഥാർത്ഥമായി നിലനിൽക്കുന്നവയാണ്; കയറിൽ സർപ്പം അദ്ധ്യാരോപിക്കപ്പെടുമ്പോഴുണ്ടാകുന്നതു പോലെയുള്ള പ്രതിഭാസങ്ങളല്ല. കയറിന്റെയും പാമ്പിന്റെയും ഉദാഹരണംകൊണ്ട് അദ്വൈതവാദത്തെ ന്യായീകരിക്കാൻ കഴിയില്ലെന്നാണ് രാമാനുജൻ പറയുന്നത്. മങ്ങിയ വെളിച്ചത്തിൽ കയർ പാമ്പാണെന്നു തെറ്റിദ്ധരിക്കപ്പെട്ടേക്കാമെന്നതു ശരിതന്നെ. പക്ഷേ, അതുകൊണ്ട് പാമ്പ് തികച്ചും അയഥാർത്ഥമാണ് എന്നുപറയാൻ വയ്യ. എന്തെന്നാൽ, കയർ എന്നപോലെ തന്നെ പാമ്പും പൃഥ്വി, ജലം തേജസ് തുടങ്ങിയ മൗലികഘടകങ്ങൾ ചേർന്നുണ്ടായതാണ്. കയർ പാമ്പാണെന്നു തെറ്റിദ്ധരിക്കുമ്പോഴും അതു കയർ തന്നെയാണ് എന്നു മനസ്സിലാക്കുമ്പോഴും നമ്മൾ യഥാർത്ഥത്തിൽ ഈ മൂലഘടകങ്ങളെയാണ് കാണുന്നത്. രാമാനുജൻ എഴുതുന്നു:

> “കയർപ്പാമ്പിന്റെ കാര്യത്തിൽ അഭാവത്തെക്കുറിച്ചുള്ള ജ്ഞാനമുണ്ടാകുന്നത് നിശ്ചിതങ്ങളായ സ്ഥലകാലങ്ങളുമായി ബന്ധപ്പെട്ടു കൊണ്ടാണ്. അതുകൊണ്ട് അതിലൊരു വൈരുദ്ധ്യമുണ്ട്: ഒരു തീരുമാനത്തിന്റെ സ്ഥാനത്ത് മറ്റൊരു തീരുമാനം ഉണ്ടാവുകയും അതോടെ ആദ്യത്തെ തീരുമാനം അവസാനിക്കുകയും ചെയ്യുന്നു. ഏതെങ്കിലുമൊരു വസ്തു ഒരു പ്രത്യേകസ്ഥാനത്തും സമയത്തും ദർശിക്കപ്പെടുകയും മറ്റൊരു സ്ഥാനത്തും സമയത്തും കാണപ്പെടാതിരിക്കുകയും ചെയ്യുന്നു എന്നതുകൊണ്ടുമാത്രം അത് അനിവാര്യമായും അസത്യമായിക്കൊള്ളണമെന്നില്ല. ഇത്തരത്തിലുള്ള അദൃശ്യത അയഥാർത്ഥതയുടെ കാരണമായിത്തീരുന്നില്ല. മറിച്ച്, ഉള്ളതെന്തോ, അതു നിലനിൽക്കുന്നതുകൊണ്ട് യഥാർത്ഥമാണ്. ഒരിക്കൽ തെളിയിച്ചുകഴിഞ്ഞതു തന്നെയാണിത്. ഇതിന്നിനി വേറെ തെളിവ് ആവശ്യമില്ല. അതുകൊണ്ട് കേവലമായ സത്ത് മാത്രമല്ല യാഥാർത്ഥ്യം. ചേതനയും അതിന്റെ വിഷയങ്ങളും തമ്മിലുള്ള ഭേദം—ഈ ഭേദം നിലനിൽക്കുന്നത് വസ്തുവും അതിന്റെ നിദാനവും തമ്മിലുള്ള ബന്ധത്തിന്മേലാണ്—പ്രത്യക്ഷജ്ഞാനം കൊണ്ടു തെളിയിക്കാൻ കഴിയും. ഇങ്ങനെ ചേതനയ്ക്കു മാത്രമേ യഥാർത്ഥമായ നിലനിൽപ്പുള്ളു എന്ന വാദം തെറ്റാണെന്നു തെളിയുന്നു”. [7]

വിഷയം, വിഷയി എന്നിവയും ചേതന, അചേതനവസ്തു എന്നിവയും യഥാർത്ഥങ്ങളാണ്. അവ തമ്മിലുള്ള ബന്ധങ്ങളും അതുപോലെതന്നെ യഥാർത്ഥങ്ങളാണ്. ഈ യഥാർത്ഥബന്ധത്തിലൂടെയാണ് ഈശ്വരൻ അല്ലെങ്കിൽ സഗുണബ്രഹ്മം നാനാരൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. ഇങ്ങനെയാണ് ഏകമായ ബ്രഹ്മം അനേകങ്ങളായി രൂപാന്തരപ്പെടുന്നത്. പക്ഷേ, അടിസ്ഥാനം ഈശ്വരൻ തന്നെ. ഈശ്വരനില്ലെങ്കിൽ ചിത്തും അചിത്തുമില്ല; മനുഷ്യനും പ്രപഞ്ചവും നിലനിൽക്കുന്നത് ഈശ്വരനെ ആശ്രയിച്ചു കൊണ്ടാണ്. ഈശ്വരനാണ് കാരണം; പ്രപഞ്ചം കാര്യവും.

---

7. രാമാനുജൻ; വേദാന്തസൂത്രം ശ്രീഭാഷ്യം I. i. i.

# 6 ഈശ്വരന്റെ ശരീരം

ചിത്തും അചിത്തും മനുഷ്യനും പ്രപഞ്ചവും എല്ലാം ആവിർഭവിക്കുന്നതിനുമുമ്പ് അവ ബ്രഹ്മത്തിൽ അന്തർലയിച്ച് കിടക്കുകയായിരുന്നു. ഇതിന് കാരണാവസ്ഥയിലുള്ള ബ്രഹ്മം എന്നുപറയുന്നു. കാരണാവസ്ഥയിലുള്ള ബ്രഹ്മം കാര്യാവസ്ഥയിലുള്ള ബ്രഹ്മമായി രൂപാന്തരപ്പെട്ട പ്പോഴാണ് സചേതനാചേതനങ്ങളായ ചരാചരങ്ങൾ പ്രത്യക്ഷപ്പെടുന്നത്. “ഒരു വസ്തു മറ്റൊരവസ്ഥയിലേക്കു മാറുന്നതിനാണ് കാര്യം എന്നു പറയുന്നത്. ഈ അർത്ഥത്തിൽ ജീവാത്മാവും കാര്യമാണ്”. [8] ആത്മാവ് ശുദ്ധചൈതന്യം മാത്രമാണെങ്കിൽ അതു ജ്ഞാതാവായ വിഷയിയാവുകയില്ല. യഥാർത്ഥത്തിൽ ജ്ഞാതാവായ “ഞാൻ” ആണ് ആത്മാവ്. [9]

ആത്മാവ് ബ്രഹ്മമല്ലാതെ മറ്റൊന്നുമല്ല എന്ന ശങ്കരന്റെ വാദത്തെ എതിർക്കുന്നതോടൊപ്പം തന്നെ അത് ഈശ്വരനിൽ നിന്ന് പൂർണ്ണമായി വേറിട്ടു നിൽക്കുന്നില്ലെന്നും ഈശ്വരന്റെ ഭാഗമെന്ന നിലയ്ക്കാണ് അത് സ്ഥിതിചെയ്യുന്നതെന്നും രാമാനുജൻ ഊന്നിപ്പറയുന്നുണ്ട്. ഈശ്വരനെ നിർമ്മലനും ആനന്ദമയനും ശ്രീയോടു കൂടിയവനുമായ വിഷ്ണുവിന്റെ രൂപത്തിലാണ് അദ്ദേഹം സങ്കൽപ്പിക്കുന്നത്. വേദാന്തസാരം തുടങ്ങുന്നത് തന്നെ വിഷ്ണു അഖിലവസ്തുക്കളുടെ ആത്മാവാണെന്നും ചിത്തും അചിത്തും വിഷ്ണുവിന്റെ ശരീരമാണെന്നും പ്രഖ്യാപിച്ചു കൊണ്ടാണ്. [10]

ഈശ്വരൻ നിർമ്മലനാണ്, ദോഷരഹിതനും കുറ്റമറ്റവനുമാണ്. ഇതല്ല ജീവാത്മാവിന്റെ സ്ഥിതി. അത് ശരീരത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു, കർമ്മങ്ങളാൽ മലിനമാക്കപ്പെടുന്നു. ലൗകികബന്ധങ്ങളാൽ ദുഃഖങ്ങളുടെയും ദുരിതങ്ങളുടെയും അടിമയാക്കപ്പെടുന്നു. സംസാരദുഃഖങ്ങളിൽ നിന്നും അജ്ഞതകളിൽ നിന്നും കർമ്മബന്ധങ്ങളിൽ നിന്നും മോചനം നേടലാണ് ജീവാത്മാവിന്റെ ലക്ഷ്യം. ഇതുതന്നെയാണ് മോക്ഷം.

---

8. രാമാനുജൻ: വേദാന്തസൂത്രം, ശ്രീഭാഷ്യം II. 3. 18.
9. ടി I. i. i.
10. സമസ്തചിദചിദ്വസ്തു ശരീരായാഖിലാത്മനേ
ശ്രീമതേ നിർമലാനനന്ദോദന്വതേ വിഷ്ണവേ നമഃ
— രാമാനുജൻ: വേദാന്തസാരം I. i.

# 7 മോക്ഷത്തിലേക്കുള്ള വഴി

ഈശ്വരനും ചിത്തും തമ്മിലും ചിത്തും അചിത്തും തമ്മിലുമുള്ള വ്യത്യാസങ്ങളും ബന്ധങ്ങളും വേർതിരിച്ചറിയാൻ കഴിയാഞ്ഞാൽ ഭൗതികസുഖഭോഗങ്ങളിൽ മുങ്ങിപ്പോവാനും ജീവിതലക്ഷ്യം വിസ്മരിക്കാനും ഇടയുണ്ടെന്ന് രാമാനുജൻ താക്കീതു നൽകുന്നു. അജ്ഞത കാരണം ആത്മാവ് ശരീരമാണെന്നും ജനനമാണ് അതിന്റെ ആരംഭമെന്നും മരണത്തോടുകൂടി എല്ലാം നശിക്കുമെന്നും മറ്റുമുള്ള വിശ്വാസങ്ങൾ ഉളവായിത്തീരുന്നു. കാമക്രോധ മദമോഹമാത്സര്യാദികളുടെയെല്ലാം കാരണമിതാണ്. ആത്മാവ് ശരീരമോ ഭൗതികലോകമോ അല്ലെന്നും ഈശ്വരന്റെ അംശമാണതെന്നും ഉള്ള ജ്ഞാനമുദിച്ചാൽ മാത്രമേ സംസാരദുഃഖങ്ങളിൽ നിന്നു മോചനം നേടി മോക്ഷം പ്രാപിക്കാൻ സാധിക്കൂ. മോക്ഷമെന്നു വെച്ചാൽ ഈശ്വരനുമായുള്ള സാമ്യം അല്ലെങ്കിൽ സാദൃശ്യം മാത്രമാണ്, സാരൂപ്യമോ താദാത്മ്യമോ അല്ല. [11] “ജീവോ ബ്രഹ്മൈവ നാപരഃ” എന്ന ശങ്കരന്റെ പ്രഖ്യാപനത്തോട് രാമാനുജൻ യോജിക്കുന്നില്ല. മോക്ഷപ്രാപ്തിക്കു ശേഷവും ആത്മാവ് ബ്രഹ്മമായി രൂപാന്തരപ്പെടുകയില്ലെന്ന് അദ്ദേഹം ഉറപ്പിച്ചു പറയുന്നു.

ജ്ഞാനമാണ് മോക്ഷത്തിനുള്ള മാർഗ്ഗം എന്നും വ്യാവഹാരികജീവിതത്തിലെ കർമ്മങ്ങൾ അവിദ്യയിൽ കുടുങ്ങിക്കിടക്കുന്നവർക്കു വേണ്ടി മാത്രമുള്ളവയാണെന്നും അവ പരമാർത്ഥികസത്യത്തെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ ഉപാധികളല്ലെന്നും മറ്റുമുള്ള ശങ്കരന്റെ അഭിപ്രായങ്ങളോടും അദ്ദേഹത്തിനു യോജിപ്പില്ല. അദ്ദേഹം എഴുതുന്നു:

> “എല്ലാറ്റിന്റെയും ആത്മാവാണ് ബ്രഹ്മം എന്ന ജ്ഞാനംകൊണ്ട് അവിദ്യ ഉന്മൂലനം ചെയ്യപ്പെടുന്നു എന്ന സിദ്ധാന്തത്തെ ഒരു തരത്തിലും ന്യായീകരിക്കാൻ വയ്യ. എന്തെന്നാൽ, ബന്ധനം യഥാർത്ഥമാണ്. ജ്ഞാനംകൊണ്ട് അതില്ലാതാക്കാൻ കഴിയില്ല. ജീവാത്മാക്കളും പലതരത്തിലുള്ള ശരീരങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ ഫലമായി, അതായത് നല്ലതോ ചീത്തയോ ആയ കർമ്മങ്ങളുമായുള്ള ബന്ധത്തിന്റെ ഫലമായി, ഉളവായിത്തീരുന്ന സുഖദുഃഖാദികളുടെ രൂപത്തിലുള്ള ബന്ധനം അയഥാർത്ഥമോ അസത്യമോ ആണെന്ന് ആർക്കെങ്കിലും ഉറപ്പിച്ചു പറയാൻ കഴിയുന്നതെങ്ങനെ എന്നു ഞങ്ങൾ ചോദിക്കുന്നു. ആരാധകന്റെ ഭക്തിപൂർവകമായ ധ്യാനത്താൽ പ്രസാദിപ്പിക്കപ്പെടുന്ന പരമാത്മാവിന്റെ അനുഗ്രഹം കൊണ്ടു മാത്രമേ ഇത്തരം ബന്ധനങ്ങൾക്ക് അറുതി വരുത്താൻ കഴിയൂ എന്നു ഞങ്ങൾ വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്”. [12]

ജ്ഞാനം തീരെ ആവശ്യമില്ലെന്നല്ല, കർമ്മവും ഭക്തിയുമാണ് ജ്ഞാനത്തിന്റെ ഉപാധികൾ എന്നാണ് രാമാനുജൻ വാദിക്കുന്നത്. ഭക്തിക്കാണ് കൂടുതൽ പ്രാധാന്യം. നിരന്തരമായ ഈശ്വരധ്യാനമാണ് ഭക്തിയുടെ അടിസ്ഥാനഘടകം. പക്ഷേ, ധ്യാനം വിജയകരമാവുകയും അങ്ങനെ ഭക്തിയുടെ ദാർഢ്യം വർദ്ധിക്കുകയും ചെയ്യണമെങ്കിൽ കർമ്മം കൂടിയേ കഴിയൂ. കർമ്മം ആത്മീയമായ സംതൃപ്തിക്കു വേണ്ടിയോ ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങൾക്കു വേണ്ടിയോ ആകരുത്. അത് ഫലേച്ഛ കൂടാതെയുള്ള നിഷ്കാമകർമ്മമായിരിക്കണം; ഈശ്വരന്റെ മുമ്പിലുള്ള ആത്മാർപ്പണമായിരിക്കണം.

കർമ്മങ്ങളിൽ ആരാധന, പൂജ, നാമസങ്കീർത്തനം തുടങ്ങിയ നിത്യകർമ്മങ്ങളും കാലികങ്ങളായ നൈമിത്തികകർമ്മങ്ങളും ഉൾപ്പെടുന്നു. സത്യം, അഹിംസ, ദയ, ദാനം, ശുചി, ക്ഷമ, ശമം, ദമം മുതലായവ ഭക്തന്റെ അനിവാര്യഗുണങ്ങളാണ്. പക്ഷേ, ഇവ മാത്രം പോരാ. മീമാംസാകരന്മാർ നിർദ്ദേശിക്കുന്ന ജാതിധർമ്മങ്ങളുൾപ്പെടെയുള്ള എല്ലാ കർമ്മാനുഷ്ഠാനങ്ങളും ആവശ്യമാണ്. ഇവയോടൊപ്പം തന്നെ വേദങ്ങളും ഉപനിഷദ്മന്ത്രങ്ങളും ഉരുവിട്ടു പഠിക്കുകയും വേണം. ഇത്തരം ദിനചര്യകളോടുകൂടി പൂജാദികർമ്മങ്ങൾ നടത്തുകയും ഇടവിടാതെ ഈശ്വരനാമം ജപിക്കുകയും നിരന്തരമായി ഈശ്വരനെ ധ്യാനിക്കുകയും ചെയ്താൽ മാത്രമേ മോക്ഷം നേടാനാവൂ എന്ന് രാമാനുജൻ ഊന്നിപ്പറയുന്നു. [13] ഇതുതന്നെയാണ് ഈശ്വരനെ അറിയാനുള്ള മാർഗ്ഗവും. ഭക്തികൊണ്ടേ ഈശ്വരനെ അറിയാൻ കഴിയൂ. [14] അതുകൊണ്ടാണ് ജ്ഞാനത്തിന്റെ രൂപം ഭക്തിയാണെന്നു രാമാനുജൻ വിശ്വസിച്ചത് (ഭക്തിരൂപാപന്നം ജ്ഞാനം).

---

11. മുക്തസ്യ സ്വരൂപം ബ്രഹ്മണോ ഭാവഃ സ്വഭാവഃ, നതു സ്വരൂപൈക്യം,
    — ശ്രീഭാഷ്യം I. i. i.
12. വേദാന്തസൂത്രം: ശ്രീഭാഷ്യം I. i. i.
13. വേദാർഥസംഗ്രഹം, പേ. 142–44.
14. ഭക്ത്യാ മാം അഭിജാനാതി—ഗീത.

## 8 ശങ്കരനും രാമാനുജനും

ശങ്കരന്റെ അഭിപ്രായത്തിൽ ഇത് ജ്ഞാനമല്ല, അജ്ഞാനമാണ്. ഭക്തിയും കർമ്മവും ഈശ്വരധ്യാനവും ഈശ്വരൻ തന്നെയും വ്യാവഹാരികജീവിതത്തിലെ മിഥ്യകളാണ്. വ്യാവഹാരികയാഥാർത്ഥ്യങ്ങൾക്കപ്പുറത്തുള്ള പാരമാർത്ഥികസത്യത്തെക്കുറിച്ചുള്ള ജ്ഞാനമാണ് യഥാർത്ഥമായ ജ്ഞാനം. രാമാനുജന്റെയും ശങ്കരന്റെയും സിദ്ധാന്തങ്ങളെ താരതമ്യപ്പെടുത്തിക്കൊണ്ട് രാധാകൃഷ്ണൻ എഴുതുകയുണ്ടായി: "ശങ്കരന്റെ അദ്വൈതം ബുദ്ധിയുടെ പാരമ്യത്തെ കുറിക്കുന്നു എങ്കിലും അതിന് മതപരമായ ഭക്തിയെ ഉത്തേജിപ്പിക്കാൻ കഴിയുന്നില്ല. അദ്ദേഹത്തിന്റെ ബ്രഹ്മത്തിന് ആത്മാവിനുള്ളിൽ വികാരതീവ്രമായ മതഭക്തിയോ ആരാധനാബോധമോ ഉളവാക്കാൻ കഴിയുന്നില്ല". [15] പക്ഷേ, ജനങ്ങൾക്ക് മതപരമായ ഭക്തിയും ആരാധനാബോധവും ഉണ്ടാക്കിക്കൊടുക്കുകയായിരുന്നില്ല ശങ്കരന്റെ ഉദ്ദേശ്യം. നേരെ മറിച്ച് ഭക്തിയും ആരാധനയും ഈശ്വരവിശ്വാസവുമൊക്കെ വ്യാവഹാരികജീവിതത്തിലെ മിഥ്യകളാണെന്നും ബ്രഹ്മം മാത്രമാണ് പരമമായ യാഥാർത്ഥ്യം എന്നും വ്യക്തമാക്കാനാണ് ശങ്കരൻ ശ്രമിച്ചത്.

പാരമാർത്ഥികസത്യം, വ്യാവഹാരികസത്യം, മിഥ്യ, മായ മുതലായ പദപ്രയോഗങ്ങൾ പിൽക്കാലചിന്തകന്മാർക്കിടയിൽ വളരെയേറെ ആശയക്കുഴപ്പങ്ങളുണ്ടാക്കിയെന്നത് ശരിയാണ്. ശങ്കരൻ മായ എന്ന പദമുപയോഗിച്ചത് ഉള്ളത് ഇല്ല എന്നു കാണിക്കാൻ വേണ്ടിയാണെന്നും മറ്റും വാദിച്ചുകൊണ്ട് രാമാനുജനെപ്പോലെയും വിജ്ഞാഭിക്ഷുവെപ്പോലെയുമുള്ള ദാർശനികന്മാർ അദ്വൈതവേദാന്തത്തെ എതിർക്കുകയും ശങ്കരനെ പ്രച്ഛന്നബുദ്ധൻ എന്നുവിളിച്ച് ആക്ഷേപിക്കുകയും ചെയ്തു. ഇല്ലാത്തത് ഉണ്ടെന്നു തോന്നിപ്പിക്കുന്ന മായാവിയുടെയും അധ്യാസത്തിന്റെ ഫലമായി പാമ്പിന്റെ പ്രതീതിയുളവാക്കുന്ന കയറിന്റെയും ഉദാഹരണങ്ങൾ അവരുടെ ആക്ഷേപങ്ങൾക്കു ശക്തി കൂട്ടാനേ സഹായിച്ചുള്ളൂ. ഇത്തരം ആക്ഷേപങ്ങളിൽ നിന്ന് ശങ്കരനെ രക്ഷിക്കാൻ വേണ്ടിയാണെന്നുതോന്നുന്നു, "ലോകത്തിന്റെ ആപേക്ഷികസത്യത്തെയും ദൈവത്തിന്റെ സ്വതന്ത്രമായ യാഥാർത്ഥ്യത്തെയും ഊന്നാൻവേണ്ടി ശങ്കരൻ മിഥ്യ, മായ എന്നീ പദങ്ങളുപയോഗിച്ചത് നിർഭാഗ്യകരമായിപ്പോയി" [16] എന്ന് സച്ചിദാനന്ദമൂർത്തി അഭിപ്രായപ്പെട്ടത്.

എന്നാൽ, ലോകത്തിന്റെ അസ്തിത്വം ദൈവത്തെ ആശ്രയിച്ചിരിക്കുന്നു എന്നോ ദൈവം സ്വതന്ത്രമായ യാഥാർത്ഥ്യമാണെന്നോ ഊന്നാൻ വേണ്ടിയല്ല, നേരെമറിച്ച്, വ്യാവഹാരികലോകത്തിലെ ഞാൻ, നീ എന്റേത്, നിന്റേത് എന്നിങ്ങനെയുള്ള വ്യത്യാസങ്ങളും അസമത്വങ്ങളുമൊക്കെ അജ്ഞതയുടെ ഫലങ്ങളാണെന്നും അവിദ്യയവസാനിച്ചാൽ എല്ലാം ഏകമായ ബ്രഹ്മമാണെന്ന് (സർവം ഖലു ഇദം ബ്രഹ്മ) കാണാൻ കഴിയുമെന്നും വ്യക്തമാക്കാൻ വേണ്ടിയാണ്. ഈ ആശയം കൂടുതൽ സ്പഷ്ടമാക്കാൻ വേണ്ടി മാത്രമാണ് മായാവിയുടെയും കയർപ്പാമ്പിന്റെയും ഉദാഹരണങ്ങൾ ഉപയോഗിച്ചത്.

ശങ്കരന്റെ അദ്വൈതവേദാന്തമനുസരിച്ച് ബ്രഹ്മമെന്ന പാരമാർത്ഥികസത്യം ആത്മനിഷ്ഠമായ ഒരാത്മീയസങ്കൽപ്പം മാത്രമാണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, ആത്മീയവാദിയായ ഹേഗലിന്റെ ആശയങ്ങളെ സംബന്ധിച്ച് മാർക്സ് ചെയ്തതുപോലെ ശങ്കരന്റെ അദ്വൈതവാദത്തെ കീഴ്ക്കാം തൂക്കാക്കി നിർത്തുകയും ബ്രഹ്മമെന്ന വാക്കിന് മനുഷ്യൻ എന്ന അർത്ഥം നൽകുകയും ചെയ്താൽ വ്യാവഹാരികയാഥാർത്ഥ്യത്തെപ്പറ്റിയും പാരമാർത്ഥികസത്യത്തെപ്പറ്റിയുമുള്ള ഈ സിദ്ധാന്തത്തിന് ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കാൻ കഴിഞ്ഞേക്കും. പക്ഷേ, മതത്തിനും ആത്മീയവാദത്തിനും അത്യധികം സ്വാധീനമുണ്ടായിരുന്ന മധ്യകാലസാമൂഹ്യ സാഹചര്യങ്ങളുടെ പിടിയിൽ നിന്നു മോചനം നേടാൻ ശങ്കരനെപ്പോലെയുള്ള ഒരു പ്രതിഭാശാലിയായ ദാർശനികനുപോലും സാദ്ധ്യമായിരുന്നില്ല.

രാമാനുജന്റെ ചിന്തകൾ ശങ്കരന്റേതുപോലെ അത്ര സങ്കീർണ്ണങ്ങളായിരുന്നില്ല. അദ്ദേഹത്തിന്റെ ആവിർഭാവത്തിനു മുമ്പുതന്നെ നാഥമുനി, യമുനാചാര്യർ തുടങ്ങിയ ആചാര്യന്മാർ വൈഷ്ണവസിദ്ധന്മാരായ ആൾവാർമാരുടെ ഭക്തിസങ്കീർത്തനങ്ങളെ ബിംബാരാധനയുമായും പൂജാദികർമ്മങ്ങളുമായും കൂട്ടിയിണക്കിക്കഴിഞ്ഞിരുന്നു. ഭക്തിക്കും കർമ്മത്തിനും ജ്ഞാനത്തിന്റെ ഒരടിത്തറ നൽകാൻ വേണ്ടി ഉപനിഷത്തുകളിലും ഭഗവദ്ഗീതയിലും മറ്റുമടങ്ങിയ ആത്മീയചിന്തകളെ ഉപയോഗിക്കുക താരതമ്യേന എളുപ്പമായിരുന്നു. അതാണ് രാമാനുജൻ ചെയ്തത്. പക്ഷേ, ഈ പ്രക്രിയക്കിടയിൽ അദ്ദേഹം ഉപനിഷത്തുകളിലെ നിർഗുണബ്രഹ്മത്തെ സഗുണബ്രഹ്മമായും സഗുണബ്രഹ്മത്തെ ഈശ്വരനായും വ്യാഖ്യാനിച്ചു. അങ്ങനെ നപുംസകലിംഗത്തിലുള്ള ബ്രഹ്മം പുല്ലിംഗത്തിലുള്ള ഈശ്വരനായി മാറി. എന്നിട്ട്, സങ്കൽപ്പത്തിനു പിടികിട്ടാവുന്ന എല്ലാത്തരം മാനുഷികഗുണങ്ങളും മാനുഷികശക്തികളും ഉൽകൃഷ്ടതകളും മനുഷ്യനിൽ നിന്ന് അന്യവൽക്കരിച്ച് ആ ഈശ്വരനിൽ പ്രതിഷ്ഠിച്ചു. സർവജ്ഞനും സർവശക്തനും സർവഗുണസമ്പന്നനുമായ ഈശ്വരന്റെ അനുഗ്രഹമില്ലെങ്കിൽ മോക്ഷം നേടുക സാദ്ധ്യമല്ലെന്നു പ്രഖ്യാപിച്ചു. ഐഹികങ്ങളായ ദുഃഖങ്ങളിൽ നിന്നും ദുരിതങ്ങളിൽ നിന്നും രക്ഷ കിട്ടാൻ വേണ്ടി കരുണാനിധിയായ ഈശ്വരനെ ഭക്തിപൂർവം ആരാധിക്കാനും പൂജിക്കാനും ധ്യാനിക്കാനും ജനങ്ങളെ ഉൽബോധിപ്പിച്ചു. ഇത്തരം ഉൽബോധനങ്ങൾ ജനങ്ങളെ ആകർഷിക്കാൻ പറ്റിയവയായിരുന്നു. എന്തെന്നാൽ, രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ രാമാനുജൻ "മതവിശ്വാസങ്ങളെയും യുക്തിചിന്തകളെയും കൂട്ടിയിണക്കാനാണ് അങ്ങേയറ്റം പരിശ്രമിച്ചത്". [17]

---

15. Radhakrishnan: Indian Philosophy Vo. II.
16. K. Satchidananda Murthy: Revelation and Reason in Advaita Vedanta, P. 263.
17. S. Radhakrishnan: Indian Philosophy Vo. II.

# 9 വൈരുദ്ധ്യത്തിന്റെ പരിഹാരം

രാമാനുജന്റെ വിശിഷ്ടാദ്വൈതമനുസരിച്ച് ജീവാത്മാവ് പരമാത്മാവിന്റെ അംശമാണ്; എല്ലാ മനുഷ്യരും ഈശ്വരാംശങ്ങളാണ്. പക്ഷേ, ഈ ഈശ്വരാംശങ്ങൾ ജീവിച്ചിരുന്നത് അയിത്തത്തിന്റെയും തൊട്ടുകൂടായ്മയുടെയും തീണ്ടിക്കൂടായ്മയുടെയും അടിസ്ഥാനത്തിലുള്ള ജാതിവ്യവസ്ഥയുടെ നാലതിരുകൾക്കുള്ളിലാണ്. ഇതിൽ പ്രത്യക്ഷത്തിൽ തന്നെ ഒരു വൈരുദ്ധ്യമടങ്ങിയിരുന്നു. എല്ലാ മനുഷ്യരും ഈശ്വരാംശങ്ങളാണെങ്കിൽ ചിലർ ഉയർന്ന ജാതിക്കാരും മറ്റുള്ളവർ താണ ജാതിക്കാരുമാകുന്നതെങ്ങനെയാണ്? കരുണാനിധിയായ ഈശ്വരന്റെ ഒരംശം മർദ്ദകനും മറ്റൊരംശം മർദ്ദിതനും ആയിത്തീരുന്നതെങ്ങനെയാണ്? സർവഗുണസമ്പന്നനായ ഈശ്വരൻ മാത്രം നിർമ്മലനും കർമ്മബന്ധങ്ങൾക്കടിമപ്പെട്ട ഈശ്വരാംശങ്ങൾ മലിനങ്ങളും ആണെന്ന മറുപടി തൃപ്തികരമായിരുന്നില്ല. എന്തെന്നാൽ വൈഷ്ണവഭക്തന്മാർക്കിടയിൽ പോലും വലിയവനും ചെറിയവനുമുണ്ടായിരുന്നു; താണ ജാതിക്കാരനും ഉയർന്ന ജാതിക്കാരനും ഉണ്ടായിരുന്നു. സാമൂഹ്യജീവിതത്തിലാകെ ജാതിവ്യവസ്ഥ അത്രയ്ക്ക് ഇഴുകിപ്പിടിച്ചിരുന്നു. ജാതിവ്യത്യാസങ്ങളവസാനിപ്പിക്കാതെ ഈ വൈരുദ്ധ്യത്തിനു പരിഹാരം കാണുക സാദ്ധ്യമായിരുന്നില്ല. ഒടുവിൽ വൈഷ്ണവഭക്തന്മാർ ഒരു യുക്തി കണ്ടുപിടിച്ചു. വൈഷ്ണവഭക്തന്മാർക്ക് ഒന്നിച്ചിരുന്നു പ്രാർത്ഥിക്കുകയും കൂട്ടായി സങ്കീർത്തനങ്ങൾ പാടുകയും ചെയ്യാം. ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കരുതെന്നേയുള്ളൂ. വീടുകളിൽ മടങ്ങിയെത്തിയാൽ എല്ലാവരും ജാതിവ്യവസ്ഥയുടെ നിയമങ്ങൾ കർശനമായി പാലിക്കുകയും ചെയ്യണം. ഇതായിരുന്നു യുക്തി.

സാമൂഹ്യജീവിതത്തിലെ വൈരുദ്ധ്യങ്ങൾ മൂർഛിച്ചപ്പോൾ വീണ്ടും മാറ്റങ്ങളുണ്ടായി. വൈഷ്ണവഭക്തന്മാർക്കിടയിലുള്ള ഉച്ചനീചത്വങ്ങൾ മാത്രമല്ല, സമുദായത്തിലെ ജാതിവ്യത്യാസങ്ങൾ പോലും ചോദ്യം ചെയ്യപ്പെടാൻ തുടങ്ങി. രാമാനുജനുശേഷം ഇരുനൂറു വർഷങ്ങൾ കഴിഞ്ഞപ്പോഴേക്കും ജാതിമതവ്യത്യാസങ്ങൾക്കെതിരായ ഒരു പുതിയ മതപ്രസ്ഥാനം ആവിർഭവിച്ചു. രാമാനന്ദന്റെ നേതൃത്വത്തിലാരംഭിച്ച ഈ പുതിയ പ്രസ്ഥാനത്തിന് ദാർശനികമായ ഒരടിത്തറ നൽകിയത് രാമാനുജന്റെ സിദ്ധാന്തങ്ങളാണ്. ഭക്തിപ്രസ്ഥാനമെന്ന പേരിലറിയപ്പെടുന്ന ഈ പുതിയ പ്രസ്ഥാനത്തെപ്പറ്റി പ്രതിപാദിക്കുന്നതിനു മുമ്പ് ശങ്കരന്റെ അദ്വൈതത്തെ എതിർത്ത മറ്റുചില സിദ്ധാന്തങ്ങൾ കൂടി പരിശോധിക്കാം.

ശങ്കരന്റെ അദ്വൈതവാദത്തെ എതിർത്തുകൊണ്ട് വളരെയധികം എഴുതുകയും പ്രസംഗിക്കുകയും ചെയ്ത ഒരു ചിന്തകനാണ് ദ്വൈതവാദത്തിന്റെ സ്ഥാപകനായ മധ്വൻ. പതിമൂന്നാം നൂറ്റാണ്ടിൽ കർണ്ണാടകത്തിലെ ഉഡുപ്പി എന്ന സ്ഥലത്ത് ഒരു ബ്രാഹ്മണ കുടുംബത്തിൽ ജനിച്ച അദ്ദേഹം ആരംഭത്തിൽ അദ്വൈതവേദാന്തത്താൽ ആകർഷിക്കപ്പെട്ടു എന്നും ഏറെക്കഴിയുന്നതിനുമുമ്പ് അദ്വൈതത്തിന്റെ ഏറ്റവും വലിയ ശത്രുക്കളിലൊരാളായിത്തീർന്നു എന്നുമാണ് പറയപ്പെടുന്നത്. അദ്വൈതത്തിനെതിരായി ദ്വൈതസിദ്ധാന്തം പ്രചരിപ്പിച്ചുകൊണ്ട് അദ്ദേഹം ഇന്ത്യയുടെ നാനാഭാഗങ്ങളിലും ചുറ്റിസഞ്ചരിച്ചു. ഒട്ടാകെ മുപ്പത്തേഴ ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ടത്രേ. മധ്വഭാഷ്യം എന്ന പേരിലറിയപ്പെടുന്ന ബ്രഹ്മസൂത്രഭാഷ്യം, അനുവ്യാഖ്യാനം, ഗീതാഭാഷ്യം, ഭാഗവത താൽപര്യനിർണ്ണയം, മഹാഭാരത താൽപ്പര്യനിർണ്ണയം, വിഷ്ണുതത്വനിർണ്ണയം, സത്വോദ്യോതം എന്നിവയാണ് അവയിൽ മുഖ്യമായവ. ജയതീർത്ഥൻ, വ്യാസതീർത്ഥൻ തുടങ്ങിയ പല പണ്ഡിതന്മാരായ ശിഷ്യന്മാർ അദ്ദേഹത്തിന്റെ കൃതികൾക്ക് വ്യാഖ്യാനങ്ങളും എഴുതിയിട്ടുണ്ട്.

## 10 അദ്വൈതത്തെപ്പറ്റിയുള്ള വിമർശനം

വേദാന്തത്തിന്റെ മറവിൽ നിന്നുകൊണ്ട് ശൂന്യവാദികളായ ബൗദ്ധന്മാരുടെ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നവർ എന്ന ആക്ഷേപമുന്നയിച്ചുകൊണ്ടാണ് അദ്ദേഹം അദ്വൈതവേദാന്തികളെ നേരിടാനൊരുങ്ങിയത്. [18] ജഗത്ത് മിഥ്യയല്ലെന്നും ജീവാത്മാവും പരമാത്മാവും ഒന്നല്ല രണ്ടാണെന്നും അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു. ജീവാത്മാവും ബ്രഹ്മവും ഒന്നുതന്നെയാണെങ്കിൽ പിന്നെ ബ്രഹ്മത്തെ അറിയാൻ മിനക്കെടുന്നതിന് അർത്ഥമില്ല. എന്തെന്നാൽ, അതിനു മിനക്കെടുന്നവൻ സ്വയം ബ്രഹ്മമാണല്ലോ. ജ്ഞാനത്തിന് ഒരു വിഷയിയും ഒരു വിഷയവും വേണം. എന്തെന്നാൽ, അറിയാൻ ആഗ്രഹിക്കുന്നവനും അറിയപ്പെടാനുള്ള വിഷയവും തമ്മിലുള്ള ബന്ധത്തിൽ നിന്നാണ് ജ്ഞാനമുണ്ടാകുന്നത്. വിഷയിയും വിഷയവും ഒന്നാണെങ്കിൽ പിന്നെ ജ്ഞാനവുമില്ല. ജ്ഞാനം എന്ന ഒന്നില്ലെങ്കിൽ “അഥാതോ ബ്രഹ്മജ്ഞാസാ” എന്ന വേദാന്തസൂത്രത്തിന് അർത്ഥമില്ലാതാവും.

നശ്വരത, അനിത്യത, അപൂർണ്ണത, അജ്ഞത, ദുഃഖം മുതലായവയോടു കൂടിയ മനുഷ്യനെ അനന്തവും സംപൂർണ്ണവും സർവശക്തവും സച്ചിദാനന്ദമയവുമായ ബ്രഹ്മത്തോട് ഉപമിക്കുന്നതെങ്ങനെയാണ്? ശങ്കരനെ സംബന്ധിച്ചിടത്തോളം ഇതെളുപ്പമാണ്. എന്തെന്നാൽ, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കേവലവും അനന്തവുമായ ബ്രഹ്മം മാത്രമാണ് ഒരേയൊരു സത്യം. അവിദ്യയുടെ ഫലമായിട്ടാണ് ഈ ഏകമായ യാഥാർത്ഥ്യം അനേകമാണെന്ന പ്രതീതിയുളവാകുന്നത്. മനുഷ്യൻ ദുഃഖിതനും പീഡിതനും അപൂർണ്ണനും ഒക്കെ ആയിത്തീരുന്നതും അവിദ്യയുടെ ഫലമായിട്ടാണ്. “പക്ഷേ, ആരുടെ അവിദ്യയുടെ ഫലം? ജീവാത്മാവിന്റെയോ? ബ്രഹ്മത്തിന്റേയോ?” മധ്വൻ ചോദിച്ചു. മരണത്തിനു വിധേയനാകുന്ന മനുഷ്യന്റെ അജ്ഞത ബ്രഹ്മത്തിന്റെയും അജ്ഞതയായിരിക്കും. കാരണം മനുഷ്യനും ബ്രഹ്മവും ഒന്നാണല്ലോ. അപ്പോൾ ബ്രഹ്മത്തിന് അജ്ഞതയുണ്ടെന്ന് വന്നുകൂടും. അവിദ്യ കേവലമായ പരമാത്മാവിനെ ബാധിക്കുകയില്ല എന്നാണെങ്കിലും അത് ജീവാത്മാവിനെയും ബാധിക്കില്ല. അപ്പോൾ അവിദ്യയുണ്ടെന്ന് അംഗീകരിക്കുന്നതു തന്നെ ജീവാത്മാവും പരമാത്മാവും ഒന്നല്ലെന്നു സമ്മതിക്കലാണ്. അദ്വൈതത്തെ പൊക്കിപ്പിടിച്ചാൽ, ജീവാത്മാവും ബ്രഹ്മവും ഒന്നുതന്നെയാണെന്നു ശഠിച്ചാൽ, ബ്രഹ്മത്തിന്റെ സർവജ്ഞത്വം നിഷേധിക്കപ്പെടും. അതുകൊണ്ട് രണ്ടും സത്യമാണെന്ന് അംഗീകരിച്ചേ പറ്റൂ. പക്ഷേ, ഒരു വ്യത്യാസമുണ്ട്. ബ്രഹ്മം കേവലവും സ്വതന്ത്രവുമായ യാഥാർത്ഥ്യവുമാണ്; ജീവാത്മാവാകട്ടെ, ബ്രഹ്മത്തെ ആശ്രയിച്ചുകൊണ്ടു നിലനിൽക്കുന്ന യാഥാർത്ഥ്യമാണ്.

ശങ്കരന്റെ നിർഗുണബ്രഹ്മമെന്ന സങ്കൽപ്പം ശ്രുതിക്കും യുക്തിക്കും യോജിച്ചതല്ലെന്നാണ് മധ്വന്റെ അഭിപ്രായം. ബ്രഹ്മം സഗുണമാണ്. അത് സർവത്തിന്റെയും കർത്താവാണ്. കർത്താവെന്ന നിലയ്ക്ക് അത് എല്ലാമറിയുന്നു. അതുകൊണ്ട് സർവജ്ഞത്വാദി ഗുണങ്ങളോടു കൂടിയതാണ് ബ്രഹ്മം എന്നുപറയുന്നതാണ് യുക്തി. [19] നിർഗുണമെന്ന പദപ്രയോഗത്തിൽ തന്നെ വൈരുദ്ധ്യമടങ്ങിയിട്ടുണ്ടെന്നാണ് മധ്വന്റെ അഭിപ്രായം. ബ്രഹ്മത്തിന് നിർഗുണത്വമെന്ന ഗുണമുണ്ടോയെന്ന് നിർഗുണവാദിയോടു ചോദിക്കുക. ഇല്ലെന്നാണ് മറുപടിയെങ്കിൽ ബ്രഹ്മത്തിന് ഗുണമുണ്ടെന്ന് സമ്മതിക്കലാണത്. നേരെമറിച്ച് ഉണ്ടെന്നാണ് മറുപടിയെങ്കിൽ നിർഗുണത്വം എന്ന ഗുണമുണ്ടെന്നു സമ്മതിക്കേണ്ടിവരും. രണ്ടായാലും ബ്രഹ്മത്തിനു ഗുണമുണ്ട്. അതുകൊണ്ട് ബ്രഹ്മം നിർഗുണമാണെന്നു പറയുന്നതിനർത്ഥമില്ല. [20] ബ്രഹ്മം സഗുണമാണ്; സഗുണമായ ബ്രഹ്മമാണ് ഈശ്വരൻ.

ജീവാത്മാവും പ്രപഞ്ചവും യാഥാർത്ഥ്യങ്ങളാണെങ്കിലും അവയ്ക്ക് സ്വതന്ത്രമായ നിലനിൽപ്പില്ല. സ്വതന്ത്രമായ നിലനിൽപ്പില്ലെന്നു പറയുന്നതിന്റെ അർത്ഥം അവ മായയാണെന്നല്ല. ചിത്തും അചിത്തും ഉൾപ്പെടെയുള്ള ലോകത്തിന് സ്ഥലകാലാധിഷ്ഠിതമായ നിലനിൽപ്പുണ്ടെന്ന് മധ്വൻ ഉറപ്പിച്ചുപറഞ്ഞു. വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തെ അംഗീകരിക്കാതെ കേവലമായ ഏതെങ്കിലും ആശയത്തെക്കുറിച്ചുള്ള സത്യം മനസ്സിലാക്കാൻ കഴിയില്ല. അതുകൊണ്ട്, ബ്രഹ്മമെന്നപോലെ തന്നെ സചേതനാചേതനങ്ങളായ ചരാചരങ്ങളും യാഥാർത്ഥ്യങ്ങളാണ്. അവ തമ്മിലുള്ള വ്യത്യാസങ്ങളും യഥാർത്ഥമാണ്.

മധ്വന്റെ അഭിപ്രായത്തിൽ അഞ്ചു തരത്തിലുള്ള ഭേദങ്ങളോടുകൂടിയതാണ് പ്രപഞ്ചം: ഈശ്വരനും ജീവാത്മാവും തമ്മിലുള്ള ഭേദം, ഈശ്വരനും ജഡപദാർത്ഥവും തമ്മിലുള്ള ഭേദം, ജീവാത്മാവും ജഡപദാർത്ഥവും തമ്മിലുള്ള ഭേദം, ഒരു ജീവാത്മാവും മറ്റൊരു ജീവാത്മാവും തമ്മിലുള്ള ഭേദം, ജഡപദാർത്ഥവും ജഡപദാർത്ഥവും തമ്മിലുള്ള ഭേദം [21]—ഈ ഭേദങ്ങൾ മായയല്ല. ബ്രഹ്മമെന്നപോലെ തന്നെ പഞ്ചഭേദസമന്വിതമായ പ്രപഞ്ചവും സത്യമാണ്.

---

18. യച്ഛൂംന്യവാദിനഃ ശൂന്യം തദേവ ബ്രഹ്മമാനിനഃ—Quoted by Dr. Chandradhar Sharma: A Critical Survey of Indian Philosophy, P. 372.
19. ബുദ്ധിപൂർവം സർവകർതൃത്വാത് സർവജ്ഞത്വാത് സർവജ്ഞത്വാദയോ ഗുണായുക്താഃ
    — കർമനിർണയം, പേ. 10.
20. നിർവിശേഷത്വേന വിശിഷ്ടം ന വേത്യുക്തേ, യദ്യവശിഷ്ടം, തർഹിന വിശേഷ നിരാകരണം. വിശേഷവത്വമേവ ഭവതി. യദി തേന വിശിഷ്ടം, സ ഏവ വിശേഷ ഇതി വ്യാഹൃതിഃ
    — കർമനിർണയം, പേ. 10.
21. ജീവേശ്വരഭിദാ ചൈവ ജഡേശ്വരഭിദാ തഥാ
    ജീവഭേദോ മിഥശ്ചൈവ ജഡജീവഭിദാ തഥാ
    മിഥശ്ച ജഡ ഭേദോ/യം പ്രപഞ്ചോ ഭേദ പഞ്ചകഃ
    — വിഷ്ണുതത്വനിർണയം, പേ. 27.

## 11 പ്രപഞ്ചയാഥാർത്ഥ്യം

അധ്യാസത്തിന്റെ ഫലമായി ശരീരവും ആത്മാവും ഒന്നാണെന്ന മിഥ്യാബോധമുളവാകുന്നു എന്ന വാദം അസംബന്ധമാണെന്നാണ് മധ്വന്റെ അഭിപ്രായം. പക്ഷിമൃഗാദികൾക്കുപോലും അങ്ങനെയൊരു മിഥ്യാബോധമുണ്ടാകാറില്ല. പിന്നെയല്ലേ മനുഷ്യന്? “എന്റെ ശരീരം” എന്നു പറയുന്നത് ഞാനും ശരീരവും ഒന്നല്ലെന്നു മനസ്സിലാക്കിക്കൊണ്ടു തന്നെയാണ്. [22] ആത്മാവിന്റെ ശരിയായ സ്വഭാവത്തെ മറച്ചുവയ്ക്കുന്ന അജ്ഞാനത്തിന്റെ ഫലമാണ് ലോകമെങ്കിൽ ആത്മാവിൽ നിന്നു വിഭിന്നമായ ഒരു ബാല്യലോകത്തെ പ്രത്യക്ഷമായിക്കാണാൻ കഴിയില്ല. [23]

ജ്ഞാനസമ്പാദനത്തിന് പ്രത്യക്ഷം, അനുമാനം, ആഗമം എന്നിങ്ങനെ മൂന്നു പ്രമാണങ്ങളുണ്ടെന്ന് മധ്വൻ അഭിപ്രായപ്പെടുന്നു. വസ്തുനിഷ്ഠമായ ബാഹ്യയാഥാർത്ഥ്യത്തെക്കുറിച്ചുള്ള ജ്ഞാനത്തിന് പ്രത്യക്ഷപ്രമാണത്തെ ആശ്രയിക്കാം. എന്നാൽ, ഇന്ദ്രിയാനുഭൂതികളിലൂടെ ലഭിക്കുന്ന ജ്ഞാനം ശരിയായ ജ്ഞാനമാണെന്ന് ഉറപ്പിക്കുന്നതെങ്ങനെയാണ്? യഥാർത്ഥജ്ഞാനത്തെ അബദ്ധധാരണകളിൽ നിന്ന് വേർതിരിക്കുന്നതെങ്ങനെയാണ്? ഇതിനുള്ള വഴി വസ്തുവെ നേരിട്ടു സമീപിച്ച് സ്വന്തം അനുഭവത്തിലൂടെ ഏതാണ് ശരിയെന്ന് പരിശോധിക്കുകയാണ്. ജ്ഞാനത്തിന് ഉറപ്പുവരുത്താൻ അനുഭവം സഹായിക്കുന്നു. പാമ്പാണെന്നു തെറ്റിദ്ധരിക്കപ്പെട്ട് കയറിന്റെ അടുത്തുചെന്ന് പരിശോധിച്ചാൽ അതുപാമ്പല്ല, കയറാണെന്നു മനസ്സിലാവുന്നു. ഇങ്ങനെ സ്വന്തം അനുഭവത്തിലൂടെ തെറ്റായ അറിവു നീക്കം ചെയ്യാനും ശരിയായ അറിവ് നേടാനും കഴിയുന്നു. മധ്വന്റെ ഈ നിഗമനത്തെ വിശദീകരിച്ചുകൊണ്ട് നാഗരാജ ശർമ്മ ഇങ്ങനെ എഴുതുന്നു:

> “വെള്ളിയെപ്പറ്റിയും പാമ്പിനെപ്പറ്റിയുമുള്ള ഭ്രമങ്ങൾ ഇന്ദ്രിയദ്വാരാ ലഭിച്ച സാമഗ്രികളുടെ തെറ്റായ വ്യാഖ്യാനത്തിന്റെ ഫലമാണെന്ന് എളുപ്പത്തിൽ വിശദീകരിക്കാൻ കഴിയും. ഇന്ദ്രിയദ്വാരാ ലഭിച്ച സാമഗ്രികളുടെ യാഥാർത്ഥ്യത്തെ ആർക്കും ചോദ്യം ചെയ്യാൻ സാധിക്കില്ല. ബ്രഹ്മവാദികളുടെ ബ്രഹ്മമെന്നപോലെ തന്നെ അവയും യഥാർത്ഥങ്ങളാണ്. അവ തെറ്റായി വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു എന്നുമാത്രം. വസ്തുവെക്കുറിച്ചുള്ള ഇന്ദ്രിയാനുഭവങ്ങളുടെ സാമാന്യസ്വഭാവത്തിന് കോട്ടം തട്ടിച്ച ഘടകങ്ങളോ സൂക്ഷ്മപരിശോധനയിലൂടെ നീക്കം ചെയ്താൽ ആദ്യത്തെ വ്യാഖ്യാനത്തിൽ തെറ്റുപറ്റിയിട്ടുണ്ടെന്നു കാണാവുന്നതാണ്. ദൃഷ്ടിഭ്രമങ്ങളെ വിശകലനം ചെയ്താൽ അവയിലെല്ലാം യാഥാർത്ഥ്യത്തിന്റെ ചില അംശങ്ങളുണ്ടായിരുന്നു എന്നു വ്യക്തമാവും. ഏതായാലും ഈ ഉപമകൾ കൊണ്ട് പ്രപഞ്ചത്തിന്റെ ജന്മസിദ്ധവും അന്യാധീനപ്പെടാത്തതുമായ യാഥാർത്ഥ്യത്തെ നിരാകരിക്കാൻ കഴിയില്ല”. [24]

ഏതെങ്കിലുമൊരു വസ്തു ഭ്രമമാണെന്നു തെളിയിക്കണമെങ്കിൽ രണ്ടു യാഥാർത്ഥ്യങ്ങളാവശ്യമാണ്. ഉദാഹരണത്തിന്, കയർ കാണുമ്പോൾ അതു പാമ്പാണെന്ന ഭ്രമമുണ്ടാവണമെങ്കിൽ ഭ്രമത്തിന്റെ അധിഷ്ഠാനമായ കയർ മാത്രം പോരാ. അതിനോട് സാദൃശ്യപ്പെടുത്താൻ പറ്റിയ ശരിയായ ഒരു പ്രധാനവസ്തു, അതായത് പാമ്പ്, എന്ന യാഥാർത്ഥ്യം കൂടിയുണ്ടായിരിക്കണം. അതുപോലെ ജഗത്ത് ഭ്രമമാണെന്ന് തെളിയിക്കണമെങ്കിൽ അതിനു സദൃശമായ ഒരു യഥാർത്ഥജഗത്ത് ഉണ്ടാവണം. ഭ്രമത്തെ യഥാർത്ഥത്തിൽ എവിടെയുമില്ലാത്തതും മുമ്പു കണ്ടറിഞ്ഞിട്ടില്ലാത്തതുമായ ഒന്നിനോടു സാദൃശ്യപ്പെടുത്താൻ കഴിയില്ല. അതുകൊണ്ട് ശങ്കരന്റെ ജഗന്മിഥ്യാവാദത്തിന് യാതൊരടിസ്ഥാനവുമില്ലെന്നു മധ്വൻ ഉറപ്പിച്ചുപറയുന്നു. ജഗത്ത് യഥാർത്ഥമാണെന്നു മാത്രമല്ല, അതിനെ നമുക്ക് മനസ്സിലാക്കാൻ കഴിയുകയും ചെയ്യും.

---

22. മമ ദേഹ ഇതി ഹ്യേവ, ന ദേഹോ/ഹ മിതി പ്രമാ
— അനുവ്യാഖ്യാനം, 33.

23. ആത്മാജ്ഞാനാത്മകത്വേ ച ജഗതഃ, ആത്മനോ ഭിന്നത്വേന ന ദൃശ്യതേ,
— വിഷ്ണുതത്വനിർണയം, പേ. 28.

24. Nagaraja Sarma: Reign of Realism, P. 576.

## 12 ജ്ഞാനത്തിന്റെ ഉപാധി

ബാഹ്യവസ്തുക്കൾ മനുഷ്യമനസ്സിൽ നിന്ന് സ്വതന്ത്രമായി സ്ഥലകാലങ്ങളിൽ നിലനിൽക്കുന്ന യാഥാർത്ഥ്യങ്ങളാണ്. അവ ഇന്ദ്രിയങ്ങളിൽ പതിഞ്ഞാൽ മാത്രമേ ജ്ഞാനമുണ്ടാകൂ. എന്നാൽ, ശരിയായ ജ്ഞാനം ലഭിക്കണമെങ്കിൽ വസ്തു, ഇന്ദ്രിയം, ഇന്ദ്രിയത്തെ നിയന്ത്രിക്കുന്ന മനസ്സ് എന്നീ മൂന്നു ഘടകങ്ങളും കോട്ടമില്ലാത്തവയാവണം. ഇന്ദ്രിയങ്ങൾക്കോ വസ്തുക്കൾക്കോ കോട്ടമുണ്ടെങ്കിൽ ജ്ഞാനത്തിനും കോട്ടം സംഭവിക്കും. മഞ്ഞപ്പിത്തം പിടിച്ച കണ്ണുകൊണ്ട് നോക്കിയാൽ എല്ലാം മഞ്ഞയായി തോന്നും. നിരീക്ഷിക്കപ്പെടുന്ന വസ്തു വേണ്ടത്ര വെളിച്ചമില്ലാത്തതുകൊണ്ട് വ്യക്തമല്ലാതാവുകയോ അത് വളരെ ദൂരെ സ്ഥിതിചെയ്യുകയോ ചെയ്താൽ മറ്റെന്തോ ആണെന്ന് തെറ്റിദ്ധാരണയുണ്ടായേക്കാം. കയർ സർപ്പമാണെന്ന് തോന്നിപ്പോകുന്നത് ഇങ്ങനെയാണ്. മനസ്സ് മറ്റെന്തെങ്കിലും ചിന്തയിൽ മുഴുകിപ്പോയാൽ കണ്ണുകൊണ്ട് നോക്കിയാലും വസ്തുവെ കണ്ടില്ലെന്നുവരും. ഇപ്രകാരം മധ്വന്റെ അഭിപ്രായത്തിൽ അറ്റകുറ്റമില്ലാത്ത മനസ്സിന്റെ നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ജ്ഞാനമാണ് ശരിയായ ജ്ഞാനം. വല്ലപ്പോഴും വല്ല തെറ്റും പറ്റിപ്പോകുന്നു എന്നതുകൊണ്ട് മാത്രം ജ്ഞാനേന്ദ്രിയത്തിന്റെ ശേഷി നശിക്കുന്നില്ല. ഇന്ദ്രിയസന്നികർഷത്തിൽ പാകപ്പിഴകളുണ്ടായേക്കാം. പക്ഷേ, അതുകൊണ്ടൊന്നും വസ്തുനിഷ്ഠമായ യാഥാർത്ഥ്യം ഇല്ലാതാകുന്നില്ല. മധ്വൻ എഴുതുന്നു:

> "ഇന്ദ്രിയജ്ഞാനം സ്വയം സത്യത്തിന്റെ മാനദണ്ഡമാണ്. അത് അസംഗതമാണെന്ന് അനുമാനം കൊണ്ടോ ആഗമംകൊണ്ടോ സ്ഥാപിക്കാൻ കഴിയില്ല. ചന്ദ്രന്റെ വലുപ്പത്തിലുള്ള കുറവിനും അതുപോലെയുള്ള വികലങ്ങളായ മറ്റു നിരീക്ഷണങ്ങൾക്കും കാരണം ദൂരവും അസാധാരണങ്ങളായ മറ്റു സാഹചര്യങ്ങളുമാണ്. ഏറ്റവും ഊർജിതമായ പരീക്ഷണംകൊണ്ട് മനസ്സിലാക്കാൻ കഴിയുന്നേടത്തോളം, നമ്മുടെ മനസ്സിന്റെ പുറത്തുള്ള ഒരു ലോകത്തിന്റെ നിലനിൽപ്പിനെ സംബന്ധിച്ച് ഇന്ദ്രിയാനുഭൂതികൾ നൽകുന്ന തെളിവുകളെ അപ്പാടെ തള്ളിക്കളയാൻ യാതൊരു ന്യായീകരണവുമില്ല". [25]

---

25. Tattvodyota in N. R. Sharma: Madhva's Teachings in his own words, P. 57.

# 13 സ്വതന്ത്രയാഥാർത്ഥ്യവും പരതന്ത്രയാഥാർത്ഥ്യവും

മധ്വന്റെ ദ്വൈതവാദമനുസരിച്ച് എല്ലാ ഭൗതികവസ്തുക്കളും പ്രകൃതിയിൽ നിന്ന് പരിണമിച്ചുണ്ടായവയാണ്. മനുഷ്യശരീരവും പ്രകൃതിയിൽ നിന്നാണുണ്ടായത്. പക്ഷേ, സാംഖ്യന്മാരെപ്പോലെ പ്രകൃതിയാണ് മൂലകാരണം എന്ന് മധ്വൻ വാദിക്കുന്നില്ല. ഈശ്വരനാണ് മൂലകാരണം. പക്ഷേ, ഈശ്വരൻ ലോകത്തെ സൃഷ്ടിക്കുന്നത് തന്നിൽ നിന്നുതന്നെയല്ല, നിത്യവും അചേതനവുമായ പ്രകൃതിയിൽ നിന്നാണ്. സാങ്കേതികഭാഷയിൽ പറഞ്ഞാൽ ഈശ്വരൻ നിമിത്തകാരണവും പ്രകൃതി ഉപദാനകാരണവുമാണ്. ഈശ്വരനാണ് എല്ലാറ്റിന്റെയും സൃഷ്ടികർത്താവ്. പരമാത്മാവ്, വിഷ്ണു, ഹരി, ഭഗവാൻ എന്നെല്ലാമുള്ള പേരുകളിൽ അറിയപ്പെടുന്ന ഈശ്വരൻ പ്രകൃതിയെ മാത്രമല്ല, ആത്മാവിനെയും നിയന്ത്രിക്കുന്നു. പ്രകൃതിയും ജീവാത്മാവും ഈശ്വരന്റെ ശരീരമാണെന്ന രാമാനുജന്റെ അഭിപ്രായത്തോട് മധ്വൻ യോജിക്കുന്നില്ല. ആത്മാവും പ്രകൃതിയും ഈശ്വരനിൽ നിന്ന് ഭിന്നങ്ങളാണ്; അതേസമയത്തുതന്നെ അവ ഈശ്വരനെ ആശ്രയിക്കുകയും ചെയ്യുന്നു. മധ്വന്റെ അഭിപ്രായത്തിൽ രണ്ടുതരത്തിലുള്ള യാഥാർത്ഥ്യങ്ങളുണ്ട്. സ്വതന്ത്രമായ യാഥാർത്ഥ്യവും പരതന്ത്രമായ യാഥാർത്ഥ്യവും. ഈശ്വരൻ സ്വതന്ത്രയാഥാർത്ഥ്യമാണ്. പ്രകൃതിയും ആത്മാവും പരതന്ത്രയാഥാർത്ഥ്യങ്ങളും. ഈശ്വരൻ അപൂർണ്ണതകളിൽ നിന്നും മാലിന്യങ്ങളിൽ നിന്നും വിമുക്തനാണ്. പക്ഷേ, നിർഗുണനല്ല. സംപൂർണ്ണനും സർവജ്ഞനും സർവശക്തനും സർവാന്തർയാമിയും സച്ചിദാനന്ദ സ്വരൂപനുമായ ഈശ്വരൻ എല്ലാ നന്മകളുടെയും മൂർത്തീകരണമാണ്.

ജീവാത്മാക്കൾ അനേകങ്ങളാണെന്നും ആത്മാവും ആത്മാവും തമ്മിൽ തന്നെ വ്യത്യാസമുണ്ടെന്നാണ് മധ്വന്റെ അഭിപ്രായം. ആത്മാവ് ഒന്നേയുള്ളൂ, അത് ബ്രഹ്മം തന്നെയാണ്, എന്ന ശങ്കരന്റെ വാദത്തെ ഖണ്ഡിക്കാൻ വേണ്ടി അദ്ദേഹം “ആത്മാവ് നീ തന്നെയാണ്” (സ ആത്മാ ത്വം അസി) എന്ന ഉപനിഷദ് വാക്യത്തെ “ആ ആത്മാവ് നീയല്ല” (സാ ആത്മാ അതത്ത്വമസി) എന്നു തിരുത്തി വായിക്കുന്നു.

## 14 മോക്ഷത്തിന്റെ മാർഗ്ഗം

എല്ലാ ജീവാത്മാക്കളും ഒരുപോലെയാണെന്ന രാമാനുജന്റെ അഭിപ്രായത്തോടും മധ്വൻ യോജിക്കുന്നില്ല. ഓരോ ജീവാത്മാവിനും അതിന്റേതായ പ്രത്യേക ഗുണവിശേഷങ്ങളുണ്ട്. അതുകൊണ്ട് ഒരു ജീവാത്മാവ് മറ്റൊരു ജീവാത്മാവിനെപ്പോലെയല്ല. മോക്ഷപ്രാപ്തി താരതമ്യേന കൂടുതൽ എളുപ്പമോ കൂടുതൽ കഠിനമോ ആയിത്തീരുന്നത് ഈ വ്യത്യാസങ്ങളുടെ ഫലമായിട്ടാണ്.

പൂർവകർമ്മങ്ങളുടെ ഫലമായി ശരീരം, ഇന്ദ്രിയങ്ങൾ, മനസ്സ് മുതലായവയുമായി ബന്ധപ്പെടുന്നതുകൊണ്ടാണ് ജീവാത്മാവിന് ദുഃഖങ്ങളും ദുരിതങ്ങളും ഉണ്ടാകുന്നത്. സംസാരദുഃഖങ്ങളുടെ ബന്ധനത്തിൽ നിന്നുള്ള മോചനം ഈശ്വരന്റെ കൃപയെ ആശ്രയിച്ചിരിക്കുന്നു. ഈശ്വരനെ പ്രസാദിപ്പിക്കാനുള്ള മാർഗ്ഗമാണ് ഭക്തി. ഭക്തിയുടെ അടിസ്ഥാനം തന്നെ ജീവാത്മാവ് പരമാത്മാവിനെ ആശ്രയിക്കുന്ന അടിമ മാത്രമാണെന്ന ബോധമത്രേ. ഈ ബോധത്തോടുകൂടി പരമാത്മാവിനെ നിരന്തരമായി സ്നേഹിക്കുന്നതിനാണ് ഭക്തിയെന്നു പറയുന്നത്. [26] നിത്യവും നൈമിത്തികവുമായ കർമ്മങ്ങൾ അനുഷ്ഠിക്കുന്നവനു മാത്രമേ ഈശ്വരനെ ഭക്തിയോടുകൂടി ധ്യാനിക്കാൻ കഴിയൂ. സത്യം, ദാനം, ദയ, വേദപാരായണം മുതലായവ ജീവാത്മാവിനെ പരിശുദ്ധമാക്കാൻ സഹായിക്കുന്നു. അനാവശ്യങ്ങളും അപായകരങ്ങളുമായ എല്ലാ അപവിത്രതകളിൽ നിന്നും ബോധപൂർവം രക്ഷപെട്ടുകൊണ്ട് പരിശുദ്ധരൂപം പ്രാപിക്കുന്ന ജീവാത്മാവിന് ഐഹികബന്ധങ്ങളെ തരണം ചെയ്ത് മോക്ഷം നേടാൻ സാധിക്കും. [27] ഇതാണ് മധ്വന്റെ ഉപദേശങ്ങളുടെ ചുരുക്കം.

---

26. ജ്ഞാനപൂർണപരസ്നേഹോ നിത്യോ ഭക്തിരിതീര്യതേ
— മഹാഭാരത താൽപര്യനിർണയം I. 107.

27. മധ്വഭാഷ്യം III. 4. 51.

## 15 ദ്വൈതാദ്വൈതം

അദ്വൈതവേദാന്തത്തിനെതിരായി ശബ്ദമുയർത്തിയ മറ്റൊരു ചിന്തകനാണ് ആന്ധ്രയിൽ പതിനാലാം നൂറ്റാണ്ടിൽ ജീവിച്ച നിംബാർക്കൻ. വേദാന്തപാരിജാതസൗരഭം എന്ന പേരിൽ അദ്ദേഹവും ബ്രഹ്മസൂത്രത്തിന് ചെറിയൊരു ഭാഷ്യമെഴുതിയിട്ടുണ്ട്. പത്തു ശ്ലോകങ്ങൾ മാത്രമുള്ള ദശശ്ലോകിയെന്ന ലഘുഗ്രന്ഥത്തിൽ അദ്ദേഹം തന്റെ ദാർശനിക സിദ്ധാന്തങ്ങളെ മുഴുവനും ചുരുക്കി വിവരിച്ചിരിക്കുന്നു. ഈ സിദ്ധാന്തങ്ങൾക്ക് അദ്ദേഹം ദ്വൈതാദ്വൈതം എന്നാണ് പേരിട്ടിട്ടുള്ളത്. മൗലികമായ എന്തെങ്കിലും ആശയം അതിൽ അടങ്ങിയിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. ശങ്കരൻ, ഭാസ്കരൻ, രാമാനുജൻ, മധ്വൻ മുതലായവരെല്ലാം പ്രതിപാദിച്ചുകഴിഞ്ഞ സിദ്ധാന്തങ്ങളിൽ നിന്നെല്ലാം അവിടെനിന്നും ഇവിടെനിന്നുമായി കുറേശ്ശെ എടുത്ത് കൂട്ടിച്ചേർത്ത് അതിന് സ്വന്തമായ ഒരു പേരിടുക മാത്രമാണ് അദ്ദേഹം ചെയ്തതെന്ന് തോന്നിപ്പോകും. കൂടുതൽ അടുപ്പം രാമാനുജന്റെ ആശയങ്ങളോടാണ്.

രാമാനുജനെപ്പോലെ തന്നെ നിംബാർക്കനും ഈശ്വരൻ, ആത്മാവ്, ഭൗതികപദാർത്ഥം എന്നിങ്ങനെ മൂന്നു യാഥാർത്ഥ്യങ്ങളെ അംഗീകരിക്കുന്നു; എല്ലാം ബ്രഹ്മമാണെന്ന ശങ്കരന്റെ അഭിപ്രായത്തെ എതിർക്കുന്നു.

സത്വരജസ്തമോ ഗുണങ്ങളോടു കൂടിയ പ്രകൃതിയിൽ നിന്നാണ് പ്രപഞ്ചം പരിണമിച്ചുണ്ടായത് എന്ന സാംഖ്യന്മാരുടെ അഭിപ്രായത്തോട് നിംബാർക്കൻ യോജിക്കുന്നു; പക്ഷേ, ഒരു വ്യത്യാസമുണ്ട്. പ്രകൃതി സ്വയം പര്യാപ്തമല്ല. അത് ബ്രഹ്മത്തെ ആശ്രയിച്ചിരിക്കുന്നു. ആത്മാവ് പ്രകൃതിയിൽ നിന്നു വ്യത്യസ്തമാണ്. അത് ശരീരത്തിൽ സ്ഥിതിചെയ്യുന്നുവെങ്കിലും ശരീരമല്ല. ഓരോ ശരീരത്തിലും ഓരോ ആത്മാവുണ്ട്. ഒരാത്മാവ് മറ്റെല്ലാ ആത്മാക്കളിൽ നിന്നും ഭിന്നമാണ്. അഞ്ചു കർമ്മേന്ദ്രിയങ്ങൾ, അഞ്ച് ജ്ഞാനേന്ദ്രിയങ്ങൾ, മനസ്സ്— ഇവയുടെ സഹായത്തോടുകൂടിയാണ് ആത്മാവ് ദർശിക്കുകയും പ്രവർത്തിക്കുകയും അനുഭവിക്കുകയും ചെയ്യുന്നത്. അത് കർത്താവും ഭോക്താവുമാണ്. പക്ഷേ, അതിനു പൂർണ്ണമായ സ്വാതന്ത്ര്യമില്ല. അതിന്റെ സ്വാതന്ത്ര്യം ബ്രഹ്മത്തെ ആശ്രയിച്ചിരിക്കുന്നു.

പൂർണ്ണമായ സ്വാതന്ത്ര്യം ബ്രഹ്മത്തിനു മാത്രമേയുള്ളൂ. അതാണ് പരമമായ യാഥാർത്ഥ്യം. ലോകത്തിന്റെ നിമിത്തകാരണവും ഉപദാനകാരണവുമാണത്. സചേതനാചേതനങ്ങളായ മറ്റു യാഥാർത്ഥ്യങ്ങളെല്ലാം ബ്രഹ്മത്തിൽ നിന്നു പരിണമിച്ചുണ്ടായവയാണ്.

ബ്രഹ്മം സർവഗുണസമ്പന്നനായ പുരുഷോത്തമനാണ്; സർവജ്ഞനും സർവശക്തനും സർവാന്തര്യാമിയും സച്ചിദാനന്ദസ്വരൂപനും എല്ലാത്തരം അപൂർണ്ണതകളിൽ നിന്നു വിമുക്തനും സൃഷ്ടിസ്ഥിതി സംഹാരങ്ങളുടെ കർത്താവുമാണ്. പ്രപഞ്ചത്തിനകത്തും പുറത്തും ബ്രഹ്മം നിറഞ്ഞുകിടക്കുന്നു.

ഭൗതികപ്രപഞ്ചവും ആത്മാവും ബ്രഹ്മത്തിൽ നിന്നു ഭിന്നങ്ങളാണ്. പക്ഷേ, അവയ്ക്ക് പരതന്ത്രതാസ്വഭാവമാണുള്ളത്. അവ ബ്രഹ്മത്തെ ആശ്രയിച്ചിരിക്കുന്നു. ഇങ്ങനെ സ്വതന്ത്രവും അപരിമേയവുമായ ബ്രഹ്മത്തിന് പ്രപഞ്ചം, ജീവാത്മാവ് എന്നിവയുമായി ഭേദവുമുണ്ട്, അഭേദവുമുണ്ട്. ഈ ഭേദാഭേദാവസ്ഥയ്ക്കാണ് ദ്വൈതാദ്വൈതം എന്നുപറയുന്നത്. ഭേദങ്ങൾക്കുള്ളിൽ അഭേദമുണ്ട് എന്നാണ് രാമാനുജൻ പറഞ്ഞത്. അദ്ദേഹം പ്രാധാന്യം നൽകിയത് അഭേദത്തിനാണ്. നിംബാർക്കനാകട്ടെ, ഭേദവും അഭേദവും രണ്ടും നിലനിൽക്കുന്നു എന്നും രണ്ടിനും ഒരുപോലെ പ്രാധാന്യമുണ്ട് എന്നുമാണ് പറഞ്ഞത്. തത്ത്വമസി എന്ന ഉപനിഷദ്വാക്യത്തിലെ 'തത്' എന്നതിന് നിത്യവും സർവാന്തര്യാമിയുമായ ബ്രഹ്മം എന്നും 'ത്വം' എന്നതിന് ബ്രഹ്മത്തെ ആശ്രയിക്കുന്ന ആത്മാവ് എന്നും 'അസി' എന്നതിന് അവ തമ്മിലുള്ള ഭേദാഭേദബന്ധം എന്നുമാണ് അദ്ദേഹം അർത്ഥം നൽകിയത്. വ്യാവഹാരികാവസ്ഥയിൽ മാത്രമേ ഭേദങ്ങളുള്ളൂ എന്നും പരമാർത്ഥികാവസ്ഥയിൽ അഭേദം മാത്രമാണുള്ളത് എന്നും വാദിച്ചുകൊണ്ടാണ് ശങ്കരൻ ജീവാത്മാവും ബ്രഹ്മവും തമ്മിലുള്ള ഭേദാഭേദ പ്രശ്നത്തിനു പരിഹാരം കാണാൻ ശ്രമിച്ചത്. നിംബാർക്കന്റെ അഭിപ്രായത്തിൽ ഭേദവും അഭേദവും രണ്ടും യാഥാർത്ഥ്യങ്ങളാണ്. സൂര്യനും സൂര്യരശ്മിയും ഒന്നല്ല. അവ തമ്മിൽ ഭേദമുണ്ട്. അതേസമയത്തു തന്നെ സൂര്യരശ്മി സൂര്യനെ ആശ്രയിച്ചുകൊണ്ടാണ് നിലനിൽക്കുന്നത്. അതിന് സൂര്യനുമായി അഭേദ്യമായ ബന്ധമാണുള്ളത്. ഇതുപോലെതന്നെ ജീവാത്മാവും ബ്രഹ്മവും തമ്മിലുള്ള ബന്ധം ഭേദാഭേദമാണ്, അല്ലെങ്കിൽ ദ്വൈതാദ്വൈതമാണ് എന്ന് നിംബാർക്കൻ വാദിക്കുന്നു.

നിംബാർക്കന്റെ ബ്രഹ്മം നിർഗുണമല്ല, സഗുണമാണ്. സഗുണബ്രഹ്മത്തെ അദ്ദേഹം രാധയുടെ അനശ്വരകാമുകനായ കൃഷ്ണനായിട്ടാണ് സങ്കൽപ്പിക്കുന്നത്. ശ്രീകൃഷ്ണനാണ് സർവേശ്വരൻ, എല്ലാറ്റിന്റെയും സൃഷ്ടികർത്താവ്. എന്തിനാണ് സർവേശൻ പ്രപഞ്ചമായി പരിണമിച്ചുകൊണ്ട് എല്ലാറ്റിനെയും സൃഷ്ടിച്ചത്? ഈശ്വരന്റെ ഒരു ലീല മാത്രമാണ് സൃഷ്ടിയെന്നാണ് നിംബാർക്കൻ പറയുന്നത്. എല്ലാ പ്രാപഞ്ചികപ്രതിഭാസങ്ങളും മനുഷ്യന്റെ സുഖദുഃഖങ്ങളും എല്ലാം ഈശ്വരന്റെ കളികളാണ്. സൃഷ്ടിയുടെ ഈ ഉദ്ദേശ്യം മനസ്സിലാക്കിക്കൊണ്ട് സംസാരദുഃഖങ്ങളിൽ നിന്ന് മോചനം നേടുകയാണ് ജീവാത്മാവിന്റെ ലക്ഷ്യം. കൃഷ്ണഭക്തിയാണ് മോക്ഷത്തിനുള്ള മാർഗ്ഗം. ഭക്തിയെന്നാൽ വെറും ധ്യാനമല്ല. കറയറ്റ ജീവിതവും നിസ്വാർത്ഥമായ സ്നേഹവുമാണ് അതിന്റെ മുഖ്യഘടകങ്ങൾ.

## 16 ശുദ്ധാദ്വൈതവാദം

ശുദ്ധാദ്വൈതവാദം എന്ന മറ്റൊരു വൈഷ്ണവസിദ്ധാന്തത്തിന്റെ സ്ഥാപകനാണ് വല്ലഭൻ. പതിനഞ്ചാം നൂറ്റാണ്ടിൽ ഒരു തെലുങ്കുബ്രാഹ്മണന്റെ മകനായി ജനിച്ചു. പക്ഷേ, അദ്ദേഹം തന്റെ സിദ്ധാന്തങ്ങൾ പ്രചരിപ്പിച്ചത് മുഖ്യമായും വടക്കെ ഇന്ത്യയിലെ കാശി, മധുര, വൃന്ദാവനം മുതലായ സ്ഥലങ്ങളിലാണ്. അണുഭാഷ്യം എന്ന പേരിലറിയപ്പെടുന്ന ബ്രഹ്മസൂത്രഭാഷ്യവും സുബോധിനിയെന്ന ഭാഗവതവ്യാഖ്യാനവും ആണ് അദ്ദേഹത്തിന്റെ മുഖ്യകൃതികൾ. ഗിരിധരൻ, ബാലകൃഷ്ണഭട്ടൻ, ഗോപേശ്വരൻ തുടങ്ങിയ ശിഷ്യന്മാർ അദ്ദേഹത്തിന്റെ ആശയങ്ങളെ കൂടുതൽ വ്യക്തമാക്കാൻ സഹായിക്കുന്ന വ്യാഖ്യാനങ്ങൾ രചിക്കുകയുണ്ടായി.

ശങ്കരന്റെ അദ്വൈതം മായയെ ആശ്രയിക്കുന്നതുകൊണ്ട് വെറും അദ്വൈതമാണ്, അല്ലെങ്കിൽ, കേവലമായ അദ്വൈതമാണ്, എന്നാണ് വല്ലഭന്റെ മുഖ്യമായ ആക്ഷേപം. മായയെ ആശ്രയിക്കാത്ത തന്റെ സിദ്ധാന്തം മാത്രമാണ് ശുദ്ധമായ അദ്വൈതം എന്ന് അദ്ദേഹം വായിച്ചു. [28]

ആരംഭത്തിൽ ബ്രഹ്മം ഏകമായിരുന്നു. "ഞാൻ അനേകമാകട്ടെ" എന്ന് അത് ആഗ്രഹിച്ചു. ഈ ആഗ്രഹം നിറവേറ്റാൻ വേണ്ടി അത് ആത്മാവിനെയും പ്രപഞ്ചത്തെയും സൃഷ്ടിച്ചു. കത്തുന്നതീയിൽ നിന്ന് തീപ്പൊരികളുണ്ടാകുന്നതുപോലെയാണ് സച്ചിദാനന്ദസ്വരൂപമായ ബ്രഹ്മത്തിൽ നിന്ന് നാമരൂപങ്ങളോടു കൂടിയ പ്രപഞ്ചമാവിർഭവിച്ചത്. ആത്മാവും ലോകവും മായയല്ല, യാഥാർത്ഥ്യങ്ങളാണ്. അവ ബ്രഹ്മത്തിന്റെ ഭാഗങ്ങളാണ്. അവയിൽ ബ്രഹ്മത്തിന്റെ സഹജഗുണങ്ങളായ സത്ത്, ചിത്ത്, ആനന്ദം എന്നിവ വ്യത്യസ്തതോതുകളിലാണ് അടങ്ങിയിട്ടുള്ളത്. അതുകൊണ്ട് അവ വ്യത്യസ്തങ്ങളായിരിക്കുന്നു. അവയ്ക്ക് മാറ്റമുണ്ട്. പക്ഷേ, സ്വതന്ത്രമായ ബ്രഹ്മത്തിനു മാത്രം യാതൊരു മാറ്റവുമില്ല. അതു നിത്യവും അനന്തവുമാണ്. അതേസമയത്തുതന്നെ അത് പ്രപഞ്ചത്തിൽ മുഴുവനും നിറഞ്ഞിരിക്കുന്നു. ഇതാണ് ശുദ്ധാദ്വൈതവാദം.

വല്ലഭൻ ബ്രഹ്മത്തെ കൃഷ്ണന്റെ രൂപത്തിലാണ് സങ്കൽപ്പിച്ചത്. പ്രത്യേകിച്ചും ഗോപസ്ത്രീകളുമായി കളിച്ചുരസിച്ച് ആനന്ദിക്കുന്ന ബാലകൃഷ്ണന്റെ രൂപത്തിൽ. കൃഷ്ണൻ കർത്താവു മാത്രമല്ല, ഭോക്താവുമാണ്. അതുകൊണ്ട് ലൗകികസുഖങ്ങളെ ത്യജിക്കുന്നതിൽ യാതൊരു പുണ്യവുമില്ല. വല്ലഭൻ തന്നെ വിവാഹിതനായിരുന്നു. ലൈംഗികജീവിതം ഭക്തിക്കു തടസ്സമല്ല. എന്തെന്നാൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെല്ലാം ആനന്ദത്തിനു വേണ്ടിയാണ്. ആനന്ദപൂർണ്ണമായ ജീവിതം നയിക്കാനാണ് അദ്ദേഹം തന്റെ ശിഷ്യന്മാരോടാവശ്യപ്പെട്ടത്. അതുകൊണ്ട് അദ്ദേഹത്തിന്റെ ശുദ്ധാദ്വൈതത്തിന് പുഷ്ടിമാർഗ്ഗം എന്ന പേരുണ്ട്. ഭക്തിയിലൂടെ ആനന്ദം ലഭിക്കാനുള്ള മാർഗ്ഗമാണത്. അദ്ദേഹത്തിന്റെ ശിഷ്യന്മാർ രാസമണ്ഡലമെന്ന പേരിൽ ഒന്നിച്ചു കൂടുകയും പാട്ടുകൾ പാടിക്കൊണ്ട് കൃഷ്ണനും ഗോപികകളും തമ്മിലുള്ള രാസക്രീഡകൾ ആവർത്തിക്കുകയും ചെയ്യുക പതിവായിരുന്നുവത്രേ. ഇത്തരം രാസക്രീഡകളിൽ കൃഷ്ണൻ പങ്കെടുത്ത് ഭക്തന്മാരെ അനുഗ്രഹിക്കുമെന്നായിരുന്നു വിശ്വാസം. കാലക്രമത്തിൽ ആ സമ്പ്രദായം പലതരത്തിലുള്ള ലൈംഗികാരാജകത്വത്തിനു വഴിതെളിച്ചു. അങ്ങനെ വല്ലഭനോടുകൂടി വൈഷ്ണവമതം അധഃപതനോന്മുഖമായിത്തീർന്നു എന്നുപറയാം.

---

28. മായാസംബന്ധരഹിതം ശുദ്ധം ഇത്യുച്യതേ ബുധൈഃ
— ഗിരിധരൻ: ശുദ്ധാദ്വൈതമാർത്താണ്ഡം
— Quoted by Dr. Chandradhar Sharma.

# 17 ദർശനത്തിൽ നിന്ന മതത്തിലേക്ക്

ഈ അദ്ധ്യായം അവസാനിപ്പിക്കുന്നതിന് മുമ്പ് ശങ്കരനും അദ്ദേഹത്തിന ശേഷമുണ്ടായ വേദാന്തികളും തമ്മിലുള്ള മുഖ്യമായ ചില വ്യത്യാസങ്ങൾ കൂടി ചൂണ്ടിക്കാണിക്കുന്നത് പ്രയോജനകരമായിരിക്കുമെന്ന തോന്നുന്നു. പ്രാചീന വേദാന്തത്തിന് പുതിയ വ്യാഖ്യാനങ്ങൾ നൽകിക്കൊണ്ട് ആത്മീയവാദചിന്തകളെ ഉന്നതമായ ഒരു നിലവാരത്തിലേക്കുയർത്തിയ ശങ്കരൻ ഭാരതീയ ചിന്തയ്ക്ക് മൗലികമായ ചില സംഭാവനകൾ നൽകി. അദ്ദേഹത്തിന്റെ അദ്വൈതവേദാന്തത്തിന് കാലത്തിന്റെ പല പരിമിതികളുണ്ടായിരുന്ന എന്നത് ശരിയാണ്. ആത്മീയവാദമായിരുന്ന അതിന്റെ അടിസ്ഥാനം. ഇത്തരം പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണെങ്കിലും മനുഷ്യനും മനുഷ്യനും തമ്മിലുള്ള അസമത്വങ്ങളും ജാതിമത വ്യത്യാസങ്ങളും ദൈവങ്ങളിലും യാഗാദികർമ്മങ്ങളിലും മറ്റുമുള്ള വിശ്വാസങ്ങളും കാമക്രോധമോഹലോഭാദി നിസ്സാരതയുള്ള എല്ലാം വ്യാവഹാരികലോകത്തിലെ മിഥ്യകളാണെന്നും അവയ്ക്കടിയിലുള്ള അസ്തിത്വത്തിന്റെ കേവലവും സമഗ്രവും സംപൂർണ്ണവുമായ ഏകത്വമാണ് പാരമാർത്ഥികസത്യമെന്നും ഈ സത്യം മനസ്സിലാക്കുകയാണ് ഐഹികങ്ങളായ നിസ്സാരതകളിൽ നിന്ന മോചനം നേടാനുള്ള വഴിയെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ദാർശനികമായ ഈ ഉൾക്കാഴ്ച അദ്ദേഹത്തെ എതിർത്തവരിലാർക്കെങ്കിലും ഉണ്ടായിരുന്നുവോ എന്ന സംശയമാണ്. രാമാനുജനും മധ്വനും നിംബാർക്കനും വല്ലഭനും മറ്റും വേദാന്തത്തിന്റെ പേരിലാണ് ശങ്കരനെ എതിർത്തത്. പക്ഷേ, പാരമാർത്ഥികസത്യം, വ്യാവഹാരിക സത്യം, പ്രാതിഭാസികസത്യം, മായ, ബ്രഹ്മം മുതലായ പദങ്ങളെ എന്തർത്ഥത്തിലാണ് ശങ്കരൻ ഉപയോഗിച്ചത് എന്നുപോലും മനസ്സിലാക്കാൻ മിനക്കെടാതെ അദ്ദേഹം പ്രാപഞ്ചികപ്രതിഭാസങ്ങളുടെ ഉണ്മയെ നിഷേധിച്ച പ്രച്ഛന്നബൗദ്ധനാണ് എന്നും മറ്റും ആക്ഷേപിക്കുകയാണ് അവർ ചെയ്തത്. യഥാർത്ഥത്തിൽ അവർ ദാർശനികചിന്തകന്മാർ എന്നതിനെക്കാളുമധികം മത പണ്ഡിതന്മാരായിരുന്നു. വൈഷ്ണവമതത്തിന്റെ വിവിധശാഖകൾ സ്ഥാപിക്കാനും അവയ്ക്ക് ദാർശനികമായ ഒരു പരിവേഷം നൽകാനുമാണ് അവർ പരിശ്രമിച്ചത്. അതുകൊണ്ട് തന്നെയാണ് ജനങ്ങളുടെ മതവിശ്വാസങ്ങളുമായി ഇണങ്ങിച്ചേർന്നുകൊണ്ട് അവർ ബ്രഹ്മത്തെ വിഷ്ണു, നാരായണൻ, വാസുദേവൻ, ശ്രീകൃഷ്ണൻ എന്നിങ്ങനെ മനുഷ്യരൂപത്തിലുള്ള ദൈവങ്ങളാക്കി മാറ്റിയത്. ജ്ഞാനത്തെക്കാളധികം ഭക്തിക്കും കർമ്മങ്ങൾക്കുമാണ് അവർ പ്രാമുഖ്യം നൽകിയത്. ഇസ്ലാമിന്റെ വരവും മുസ്ലിംരാജാക്കന്മാരുടെ വർദ്ധിച്ചുകൊണ്ടിരുന്ന പ്രാബല്യവും ഈ പ്രവണതകൾക്ക് പ്രത്യേകമായ ഒരു പ്രാധാന്യം നൽകി. ജനങ്ങളുടെ പിൻബലം നേടാൻ വേണ്ടി രാജാക്കന്മാർ ഹിന്ദുമതത്തെ പ്രോത്സാഹിപ്പിക്കുകയും വൈഷ്ണവദൈവങ്ങളെ പൂജിക്കാനും ആരാധിക്കാനും വേണ്ടിയുള്ള ഒട്ടനവധി ക്ഷേത്രങ്ങൾ നിർമ്മിക്കുകയും ചെയ്തു. പക്ഷേ, സാമൂഹ്യവൈരുദ്ധ്യങ്ങൾ മൂർഛിച്ചപ്പോൾ ദൈവഭക്തി തന്നെ ചരിത്രത്തിൽ പുരോഗമനപരമായ ഒരു പങ്കു വഹിക്കാൻ തുടങ്ങി. അതിനേപ്പറ്റി പിന്നീട് പ്രതിപാദിക്കാം.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 6

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം
2. ശിവനും ശക്തിയും
3. ഏകതത്വവാദവും മതവിശ്വാസവും
4. ഇസ്ലാംമതവും പിൽക്കാല നാട്ടുവാഴിത്തവും
5. ഇസ്ലാമിലെ ശുദ്ധാർഥവാദവും വിമതപ്രസ്ഥാനങ്ങളും
6. ഭക്തിപ്രസ്ഥാനം
7. ബ്രിട്ടീഷ് ഭരണം
8. പാശ്ചാത്യചിന്തയുടെ സ്വാധീനം
9. രാജാറാം മോഹൻ റായ്
10. സാമൂഹ്യപരിഷ്കാരവും മതപുനരുദ്ധാരണവും
11. സ്വാമി വിവേകാനന്ദൻ
12. ഇസ്ലാമിലെ പുനരുത്ഥാനവും നവോത്ഥാനവും
13. മിതവാദികളും തീവ്രവാദികളും
14. തീവ്രവാദികളുടെ തത്വശാസ്ത്രം
15. മതവും ദേശീയപ്രസ്ഥാനവും
16. രവീന്ദ്രനാഥ ടാഗോർ
17. ഇഖ്ബാൽ
18. മഹാത്മാഗാന്ധി
19. മാർക്സിസത്തിന്റെ സ്വാധീനം
20. ജവഹർലാൽ നെഹ്റു
21. സ്വാതന്ത്ര്യലബ്ധിക്കു ശേഷം
22. ഭാരതീയചിന്ത എങ്ങോട്ട്?


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10



സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014